സബ്മിഷൻ

(1) നിപ വൈറസിനെതിരെ സ്വീകരിക്കേണ്ട അടിയന്തര നടപടികൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ചില കാര്യങ്ങൾക്ക് ചോദ്യോത്തര വേളയിൽ മറുപടി പറഞ്ഞതാണ്. ഇത് ഞാൻ വളരെ ചുരുക്കിപ്പറയാം. അപകടകരമായ രീതിയിൽ നിപ വൈറസ് വീണ്ടും വന്നിരിക്കുന്ന സാഹചര്യത്തിൽ മൂന്നുനാല് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി രോഗം സ്ഥിരീകരിച്ചിട്ടും കേരളത്തിൽ സ്ഥിരീകരിക്കാൻ സാധിച്ചിട്ടില്ല. സാമ്പിൾ പൂനെയിലേയ്ക്ക് അയച്ചിരിക്കുകയാണ്. സംസ്ഥാനത്തെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകളെ അപ്ഗ്രേഡ് ചെയ്യേണ്ടതാണ്. നിപ പോലുള്ള ഒരു രോഗം എപ്പോൾ വേണമെങ്കിലും വരാൻ സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. ലോകത്തിൽ മൊത്തത്തിൽ എഴുന്നൂറോളം പേർക്ക് മാത്രമാണ് ഈ രോഗം വന്നിട്ടുള്ളത്. ഈ രോഗം വരികയും ആളുകൾ മരിക്കുകയും ചെയ്ത

സംസ്ഥാനമാണ് കേരളം. അതുകൊണ്ട് ഇവിടെതന്നെ പരിശോധന നടത്താനുള്ള അടിയന്തര സംവിധാനം ഏർപ്പെടുത്തണം. നേരത്തെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ നിപ രോഗത്തിന്റെ ചികിത്സയ്ക്കാവശ്യമായ പ്രോട്ടോക്കോൾ നിലവിലുണ്ടെന്ന് പറയുകയുണ്ടായി. ഇപ്പോൾ നിലവിലുള്ള പ്രോട്ടോക്കോളിനെ സംബന്ധിച്ച് ആരോഗ്യ പ്രവർത്തകരുടെ ഇടയിൽ വ്യാപകമായ ഒരു പരാതിയുണ്ട്. അതുകൊണ്ട് വിശദമായ ചർച്ചകൾക്കുശേഷം ഒരു സംവിധാനം ഏർപ്പെടുത്തി നിപയെ നേരിടാൻ ഒരു പുതിയ ചികിത്സാ പ്രോട്ടോക്കോൾ തയ്യാറാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മാത്രമല്ല, വ്യാപകമായി എല്ലാ സ്ഥലങ്ങളിലും ഇതിനുവേണ്ട പ്രത്യേക മരുന്നുകളും ഐസൊലേഷൻ സംവിധാനങ്ങൾ ഉൾപ്പെടെ ഏർപ്പെടുത്താൻ ശ്രമിക്കണം. നിപ റിപ്പോർട്ട് ചെയ്ത കോഴിക്കോട് തിരുവള്ളൂർ പഞ്ചായത്തിൽ ഒരാൾ രോഗബാധിതനാണ്. ആവശ്യമായ കോൺടാക്ട് ലിസ്റ്റ് തയ്യാറാക്കുകയോ പ്രിവന്റീവ് മെഷേഴ്സ് സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്ന് പഞ്ചായത്തിൽ നിന്നുതന്നെ പരാതി ഉയർന്നുവന്നിട്ടുണ്ട്.

ആരോഗ്യ പ്രവർത്തകർ കൃത്യമായി പോകുകയും ഈ കോൺടാക്ട് ലിസ്റ്റ് തയ്യാറാക്കുകയും വേണം. നേരത്തെ പറഞ്ഞതുപോലെ 70 ശതമാനം മോർട്ടാലിറ്റി സാധ്യതയുള്ള ഒരു അസുഖമാണിത്. അസുഖം റിപ്പോർട്ട് ചെയ്താൽ പെട്ടെന്ന് കോൺടാക്ട് ലിസ്റ്റ് തയ്യാറാക്കണമെന്നായിരുന്നു നേരത്തേ പറഞ്ഞിരുന്നത്. അത് ഇപ്പോൾ കോഴിക്കോട് ഫലപ്രദമായി ചെയ്തിട്ടില്ലെന്നുള്ള പരാതിയുമുണ്ട്. മൂന്നാമത്തെ കാര്യം, നിപ രോഗം കൈകാര്യം ചെയ്യുന്നതിൽ ആരോഗ്യ പ്രവർത്തകർക്ക് കാര്യമായ പരിശീലനം നൽകിയിട്ടില്ല എന്നതാണ്. വളരെക്കുറച്ച് ആളുകൾക്കുമാത്രമേ ഇതിനെക്കുറിച്ച് അറിയുകയുള്ളൂ. ഇത് പെട്ടെന്ന് വ്യാപിച്ചാലുള്ള ബുദ്ധിമുട്ടുകൾ മുൻകൂട്ടി അറിഞ്ഞ് കൂടുതൽ ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനമുണ്ടാകണം. മാത്രമല്ല, കോവിഡിനെ സംബന്ധിച്ചായാലും നിപയെ സംബന്ധിച്ചായാലും ഒരു ഡാറ്റയും ശേഖരിക്കുന്നില്ലായെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഭാവിയിൽ ഈ രോഗം വന്നാൽ അതിനെ അഡ്രസ്സ് ചെയ്യണമെങ്കിൽ നേരത്തേയുള്ള വിശദമായ ഡാറ്റ സൂക്ഷിച്ചുവയ്ക്കേണ്ടതാണ്.

അതുകൊണ്ടാണ് ഡാറ്റ സൂക്ഷിക്കണമെന്ന് പറയുന്നത്. ആരോഗ്യ വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുമ്പോഴും ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുമ്പോഴും ഭാവിയിൽ ഇത് വരാനുള്ള സാധ്യതകൾകൂടി പരിഗണിച്ചുകൊണ്ടുള്ള കൃത്യമായ ഡാറ്റ ശേഖരിക്കുകയും അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും വേണം. ഒരു വിഷയം ഉണ്ടായാൽ അത് തീർന്നു ഇനി പ്രശ്നമുണ്ടാകില്ലെന്ന രീതിയില്ല നമുക്കാവശ്യം. ഇത് ഭാവിയിൽ വരാനുള്ള സാധ്യത മുന്നിൽകണ്ടുകൊണ്ടുള്ള നടപടികൾ സ്വീകരിക്കണം. ഇത്രയും പ്രധാനപ്പെട്ട കാര്യങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വീണ്ടുമൊരു നിപ ഔട്ട്ബ്രേക്ക് സംസ്ഥാനത്തുണ്ടായിരിക്കുകയാണ്. സാധ്യമായ എല്ലാ പ്രവർത്തനങ്ങളും നടത്തി ഈ സാഹചര്യത്തെ നേരിടുന്നതിനുവേണ്ടിയാണ് സർക്കാർ ശ്രമിക്കുന്നത്. കേരളം ഒറ്റക്കെട്ടായിനിന്ന് ഈയൊരു സാഹചര്യത്തെ

നേരിടണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അനാവശ്യമായ വിവാദത്തിന് ഇവിടെയൊരു സ്ഥാനവുമില്ല. കേന്ദ്ര ആരോഗ്യമന്ത്രി സ്ഥിരീകരിച്ചിട്ടും കേരളത്തിന് സ്ഥിരീകരിക്കാൻ കഴിഞ്ഞില്ലെന്ന് അദ്ദേഹം ഇവിടെ പറയുകയുണ്ടായി. അദ്ദേഹത്തിന് നമ്മുടെ കൈവശമുള്ള എല്ലാ ഡോക്യുമെന്റ്സും ആശയവിനിമയങ്ങളുടെ ഡോക്യുമെന്റ്സും നൽകാൻ കഴിയും. സർക്കാർ സംവിധാനത്തിൽത്തന്നെ നിപ വൈറസ് രോഗമുണ്ടോയെന്ന് സ്ഥിരീകരിക്കാൻ കഴിയുന്ന രണ്ട് ലാബുകളുണ്ടെന്ന് ഞാൻ നേരത്തെ പറഞ്ഞതാണ്. 2021 സെപ്റ്റംബർ മാസം മുതൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ബി.എസ്. (ബയോ സേഫ്റ്റി) ലെവൽ -2 സൗകര്യം നമുക്കുണ്ട്. ഒരു സാമ്പിൾ എത്തിയാൽ, നിപ സസ്പെക്റ്റ് ചെയ്താൽ നിപ വൈറസ് രോഗമാണോ എന്നത് സ്ഥിരീകരിക്കാൻ അവിടെ സാധിക്കും. 2021 ഫെബ്രുവരി മാസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത തോന്നയ്ക്കലിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിലും

നിപ വൈറസ് രോഗമാണോയെന്നത് സ്ഥിരീകരിക്കാൻ സാധിക്കും. സാങ്കേതികമായി വളരെ കൃത്യമായിത്തന്നെ ഞാൻ ഇവിടെ പറയുകയുണ്ടായി. ഈ മാസം 11-ാം തീയതി രാവിലെയാണ് ആരോഗ്യ വകുപ്പിന് ഇൻഫർമേഷൻ ലഭിക്കുന്നത്. ഒരു പ്രൈവറ്റ് ഹോസ്പിറ്റലിൽ ഒരു അസ്വാഭാവിക പനി മരണം ഉണ്ടായി. ആ ഘട്ടത്തിൽ ഹോസ്പിറ്റൽ അധികൃതർ സസ്പെക്റ്റ് ചെയ്യാതിരുന്നത് അദ്ദേഹം ലിവർ സിറോസിസ് ഉൾപ്പെടെ മറ്റ് രോഗങ്ങളുള്ള വ്യക്തിയായിരുന്നതിനാലാണ്. പക്ഷെ അദ്ദേഹത്തിന്റെ മകൻ ഉൾപ്പെടെ അടുത്ത ബന്ധുക്കൾക്കും പനി ബാധിക്കുകയും മകൻ വെന്റിലേറ്ററിൽ ആകുകയും ചെയ്തൊരു സാഹചര്യമുണ്ടെന്ന് കണ്ടെത്തി. അത് അറിഞ്ഞ ഉടനെതന്നെ ആരോഗ്യ വകുപ്പ് അവിടെ ഫീൽഡ് സർവൈലൻസ് ആരംഭിക്കുകയും വസ്തുതകൾ ശേഖരിക്കുകയും ചെയ്തു. കേസ് സ്റ്റഡി നടത്തി. അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ലാബിൽ പരിശോധിച്ചു. 11-ാം തീയതി രാത്രി വൈകിത്തന്നെ ഫലം പോസിറ്റീവാണെന്നുള്ളത് സ്ഥിരീകരിച്ചു. പക്ഷെ അത് ഡിക്ലയർ

ചെയ്യാൻ നമുക്ക് കഴിയില്ല. എൻ.ഐ.വി. പൂനെയ്ക്കാണ് അതിന്റെ ഡിക്ലറേഷൻ സാധ്യമാകുന്നത്. ഈ സാമ്പിളുകൾ അന്ന് രാത്രിതന്നെ അതായത് മിനിഞ്ഞാന്ന് രാത്രിതന്നെ വിമാനമാർഗ്ഗം എൻ.ഐ.വി. പൂനെയിലേയ്ക്ക് അയയ്ക്കുകയും ഇന്നലെ ഉച്ചയ്ക്ക് ഏകദേശം രണ്ട് മണിയോടെ പൂനെയിൽ സാമ്പിളുകൾ എത്തിച്ചേരുകയുമുണ്ടായി. നാല് മുതൽ ആറ് മണിക്കൂറുകളാണ് ഈ സാമ്പിളുകൾ പ്രോസസ്സ് ചെയ്യുന്നതിന് ആവശ്യമായി വരുന്നത്. ബഹുമാന്യനായ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ഇങ്ങനെയൊരു കാര്യം പറഞ്ഞതായി ടെലിവിഷൻ ചാനലുകളിലൂടെ കണ്ടപ്പോൾത്തന്നെ ഞാൻ എൻ.ഐ.വി. പൂനെയിലേയ്ക്ക് കോൺടാക്ട് ചെയ്തിരുന്നു. എൻ.ഐ.വി. പൂനെയിൽനിന്നും നമുക്ക് ലഭിച്ച സന്ദേശം 'The samples are under process, എന്നാണ്. 8.30-ഓടുകൂടി ഫലം ലഭിക്കുമെന്നുള്ള അറിയിപ്പ് വീണ്ടും ലഭിച്ചു. മെയിൽ മുഖാന്തിരം ഡയറക്ടർ ഹെൽത്ത് സർവ്വീസസിനും വാട്ട്സ്ആപ്പിലൂടെ എനിക്കും ഔദ്യോഗികമായ വിവരം നൽകുന്നത് ഏകദേശം രാത്രി 8.50-നുശേഷമാണ്. മിനിഞ്ഞാന്ന് മരിച്ച 40 വയസ്സുള്ള ആ ചെറുപ്പക്കാരന്

നിപ പോസിറ്റീവാണ്, ആദ്യം മരിച്ച വ്യക്തിയുടെ 9 വയസ്സുള്ള വെന്റിലേറ്ററിലുള്ള കുഞ്ഞിന് പോസിറ്റീവാണ്, ആദ്യം മരിച്ച വ്യക്തിയുടെ ഭാര്യയുടെ സഹോദരനും പോസിറ്റീവാണ് എന്നതാണ് അവിടെനിന്നും ലഭിച്ച വിവരം. യുദ്ധകാലാടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവിടെത്തന്നെ ഈ പരിശോധനകൾ നടത്താനും സ്ഥിരീകരിക്കാനും കഴിയും. സാങ്കേതികമായൊരു ഡിക്ലറേഷനുവേണ്ടി മാത്രമാണ് എൻ.ഐ.വി., പൂനെയിലേയ്ക്ക് അയച്ചത്. കേന്ദ്രത്തോട്, എൻ.ഐ.വി.-യോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവരുടെ മൂന്ന് സംഘങ്ങളെ അയയ്ക്കുന്നുണ്ട്. Bat Surveillance, വവ്വാലുകളുടെ സർവ്വേയ്ക്കുവേണ്ടി അവർ ഒരു സംഘത്തെ അയയ്ക്കുന്നുണ്ട്. അവർ ഉച്ചകഴിഞ്ഞ് എത്തുമെന്നാണ് കരുതുന്നത്. അതുകൂടാതെ സാമ്പിൾ പൂനെയിലേയ്ക്ക് അയച്ച് വീണ്ടും പരിശോധിച്ച് ഡിക്ലറേഷൻ നടത്തേണ്ട സാഹചര്യത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ അവരുടെ ഒരു മൊബൈൽ സംഘംതന്നെ ഇന്ന് വൈകുന്നേരം എത്തും. അതുകൂടാതെ എപ്പിഡമോളജിക്കൽ സർവ്വേയും

അസസ്മെന്റിനും വേണ്ടി ചെന്നൈയിൽ നിന്നുള്ള അവരുടെ ടീം കൂടി ഇന്നെത്തുന്നുണ്ട്. രണ്ട് കാര്യങ്ങൾക്കുവേണ്ടി സംസ്ഥാന സർക്കാർ ശ്രമിക്കുന്നുണ്ട്. സംസ്ഥാനത്ത് നിപ പരിശോധനയ്ക്കുള്ള സംവിധാനങ്ങൾ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. തോന്നയ്ക്കലിലും കോഴിക്കോട് മെഡിക്കൽ കോളേജിലും പരിശോധിക്കാൻ സാധിക്കും. എൻ.ഐ.വി. ആലപ്പുഴയിൽ അവരുടെ സംവിധാനംതന്നെയുണ്ട്. അവിടെയും പരിശോധിക്കാം. പക്ഷെ അവർക്കും ഡിക്ലറേഷനുള്ള അധികാരമില്ല. ഡിക്ലറേഷനുവേണ്ടി എൻ.ഐ.വി. പൂനെയിലേയ്ക്ക് അയയ്ക്കണം. തോന്നയ്ക്കലിലും കോഴിക്കോട് മെഡിക്കൽ കോളേജിലും ഡിക്ലറേഷൻ സാധ്യമാകുന്നതിനുവേണ്ടിയുള്ള അനുമതികൾക്കായി ശ്രമിക്കുന്നുണ്ട്. അതുകൂടി നമുക്ക് നേടിയെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചികിത്സാ പ്രോട്ടോക്കോൾ സംബന്ധിച്ച കാര്യമാണ് രണ്ടാമതായി പറഞ്ഞത്. 2018-ൽ നിപ ഔട്ട്ബ്രേക്ക് ഉണ്ടായപ്പോൾ ആരോഗ്യ വകുപ്പ് ഒരു പ്രോട്ടോക്കോൾ പുറത്തിറക്കിയിരുന്നു.

2021-ൽ അത് പരിഷ്കരിച്ചിട്ടുണ്ട്. ആ പ്രോട്ടോക്കോൾ അനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. പ്രോട്ടോക്കോൾ നിശ്ചയിക്കുന്നത് ആരോഗ്യ വിദഗ്ദ്ധരാണ്. ഡോക്ടർമാരുടെ വിദഗ്ദ്ധ സംഘമാണ് ഈ പ്രോട്ടോക്കോൾ നിശ്ചയിച്ചിട്ടുള്ളത്. ആ പ്രോട്ടോക്കോളിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ ആവശ്യമാണെന്നുണ്ടെങ്കിൽ ഉറപ്പായും അത്തരത്തിലുള്ള മാറ്റങ്ങൾ ഉൾപ്പെടുത്താം. പക്ഷെ, നിലവിൽ ചികിത്സ സംബന്ധിച്ച് ഈ രീതിയിലാകണം എന്നുള്ളതിൽ മറിച്ചൊരഭിപ്രായം ഉണ്ടായിട്ടില്ല.

മി.സ്പീക്കർ: മറുപടിയുടെ ബാക്കി ഭാഗം മേശപ്പുറത്ത് വച്ചാൽ മതി.

ശ്രീമതി വീണാ ജോർജ്: സർ, 323 പേരാണ് ഇപ്പോൾ സമ്പർക്ക പട്ടികയിലുള്ളത്. അതിന്റെ വിശദാംശങ്ങളുണ്ട്. ഒരുകാര്യംകൂടി പറയാനുണ്ട്.

മി.സ്പീക്കർ: രാവിലെ കുറെ കാര്യങ്ങൾ ഫ്ലോറിൽ പറഞ്ഞതാണ്.

ശ്രീമതി വീണാ ജോർജ്: സർ, ചികിത്സയും പ്രതിരോധവും മാത്രമാണ് നടത്തുന്നതെന്ന് പറഞ്ഞു. എന്നാൽ അങ്ങനെയല്ല. ഈ കാലഘട്ടത്തിൽ ചെയ്ത പ്രവർത്തനങ്ങളുടെ പോയിന്റ്സ് മാത്രം പറയാം. മസ്തിഷ്ക ജ്വരം അതായത്

acute encephalitis syndrome ഉൾപ്പെടെയുള്ളയാൾ, അത് ഏത് വ്യക്തിയുമാകട്ടെ, ഏത് ഘട്ടത്തിൽ വന്നാലും സർവ്വൈലയൻസ് സ്ട്രങ്ത്ൻ ചെയ്യുന്നതിന് പ്രൈവറ്റ് മേഖലയിൽ ഉൾപ്പെടെ അതിനൊരു പ്രോട്ടോക്കോളും ഗൈഡ്‌ലൈനും നിശ്ചയിച്ച് ഗവൺമെന്റ് ഓർഡർ തന്നെ ഇറക്കിയിട്ടുണ്ട്. അതോടൊപ്പം പോയിന്റ് ഓഫ് കേരള കോഴിക്കോട് മെഡിക്കൽ കോളേജിൽ എസ്റ്റാബ്ലിഷ് ചെയ്തുകഴിഞ്ഞു. ഈ കാലഘട്ടത്തിൽ ആയിരക്കണക്കിന് സാമ്പിളുകളാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ പരിശോധിച്ചിട്ടുള്ളത്. ഡയഗനോസ്റ്റിക് നെറ്റ്‌വർക്ക് എസ്റ്റാബ്ലിഷ് ചെയ്തിട്ടുണ്ട്. എല്ലാ ആരോഗ്യ വിദഗ്ദ്ധരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള സ്റ്റേറ്റ് ലെവൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. അതിൽ ആരോഗ്യം, വനം-വന്യജീവി, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തിരുന്നു. ഒരു ബുക്ക്‌ലെറ്റ് ഇറക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ പൊതുജനങ്ങൾക്ക് നൽകേണ്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. അതുകൂടാതെ ഒരു പോർട്ടൽ ലോഞ്ച് ചെയ്തിട്ടുണ്ട്. ഈയൊരു

ഘട്ടത്തിൽ, കഴിഞ്ഞ ഒന്നര വർഷത്തിനുള്ളിൽ ഒരു സി.ഡി.എം.എസ്.ഇ. ഹെൽത്ത് ടീമുണ്ട്. അതോടൊപ്പം സോഷ്യൽ അവെയർനസ് നടത്തുന്നുണ്ട്. അതുകൂടാതെ ഏകാരോഗ്യത്തെ അടിസ്ഥാനമാക്കി ആശയപ്രചരണവും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നമ്മുടെ സംസ്ഥാനത്തുള്ള പരിശോധന സംവിധാനത്തെക്കുറിച്ച് പറയുകയുണ്ടായി. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഇതിനെല്ലാം സജ്ജമായി നിൽക്കുകയാണ്. എല്ലാ പരിശോധനയും നടത്താൻ സജ്ജമാണെന്ന് ഇന്ന് ഒരു പത്രംതന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ എന്തുകൊണ്ട് അവിടേയ്ക്ക് അയച്ചില്ല എന്നതൊരു പ്രശ്നമാണ്. അക്കാര്യം പരിശോധിക്കാം. നമ്മുടെ സംസ്ഥാനത്ത് ദേശീയതലത്തിൽതന്നെ വലിയ തോതിൽ അംഗീകാരം നേടാൻ കഴിയുന്ന ഒരു സ്ഥാപനമായിട്ടാണിത് വളർന്നുവരുന്നത്. എല്ലാ കഴിവുകളും ഇപ്പോൾ അവർ ആർജ്ജിച്ചുകഴിഞ്ഞിട്ടുണ്ട്.

ഇനിയും കൂടുതൽ ഉയരേണ്ടതായിട്ടുമുണ്ട്. ഇത്തരമൊരു അവസ്ഥയുണ്ടായാൽ എന്തുകൊണ്ട് അങ്ങോട്ട് അയച്ചില്ലെന്ന് പത്രവാർത്ത കണ്ടതുകൊണ്ട് മാത്രം ഞാൻ പറയുകയാണ്. പത്രവാർത്തയിൽ പറഞ്ഞിരിക്കുന്നത്, ആദ്യം അയയ്ക്കുമെന്നുപറഞ്ഞു, പക്ഷെ പിന്നെ അയച്ചില്ല എന്നാണ്. അതൊക്കെ എന്താണെന്ന് പരിശോധിക്കാം. ആ സൗകര്യംകൂടി പരമാവധി ഉപയോഗപ്പെടുത്തുന്ന നില വരും. കൂടുതൽ ശക്തമായ രീതിയിൽ അതിനെ വളർത്തിക്കൊണ്ടുവരാനാവശ്യമായ നടപടികൾ സ്വീകരിക്കും. മറ്റ് കാര്യങ്ങൾ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

(2) ഇ-ഫയലിംഗ് സംവിധാനത്തിലെ അശാസ്ത്രീയത

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്ത് സ്വയം തൊഴിൽ കണ്ടെത്തുന്ന ഏകദേശം ഒരുലക്ഷം കുടുംബങ്ങളെ ബാധിക്കുന്ന പ്രശ്നമാണ് ഞാൻ അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നത്. നീതിന്യായ വ്യവസ്ഥയുടെ അവിഭാജ്യഘടകമാണ് അഭിഭാഷക ഗുമസ്ത സമൂഹം. രാജ്യത്തെമ്പാടുമുള്ള കോടതി നടപടികൾ ഇ-ഫയലിംഗ്

സമ്പ്രദായത്തിലേയ്ക്ക് മാറ്റുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതി തീരുമാനമെടുത്ത് നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. പതിവുപോലെ ഇ-ഫയലിംഗ് നടപ്പിലാക്കാനുള്ള പരീക്ഷണം നടത്തുന്ന ആദ്യ സംസ്ഥാനമായി കേരളത്തെയാണ് സുപ്രീംകോടതി നിർദ്ദേശിച്ചിരിക്കുന്നത്. നിർദ്ദേശം കിട്ടിയ മാത്രയിൽത്തന്നെ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഗുമസ്ത സമൂഹത്തെ എങ്ങനെ ഇത് ബാധിക്കുമെന്ന് പരിശോധിക്കുകപോലും ചെയ്യാതെ ആ തീരുമാനം നടപ്പിലാക്കുന്ന തീവ്രയജ്ഞത്തിലാണ് ഇപ്പോൾ നാം ഏർപ്പെട്ടിരിക്കുന്നത്. കോടതി നടപടികൾ ഇ-ഫയലിംഗ് സമ്പ്രായത്തിലേയ്ക്ക് മാറ്റുന്നതിലെ അശാസ്ത്രീയതകൾ നിമിത്തം അവർക്ക് തൊഴിൽ നഷ്ടമാകുന്ന സാഹചര്യമാണ് ഉടലെടുത്തിരിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയും അപ്രായോഗിക നടപടികളിലൂടെയുമാണ് ദ്രുതഗതിയിൽ ഇ-ഫയലിംഗ് നടപ്പിലാക്കുന്നതെന്ന വലിയ ആക്ഷേപം ഉയർന്നിട്ടുണ്ട്. അശാസ്ത്രീയമായ ഇ-ഫയലിംഗ് സംവിധാനം അവസാനിപ്പിച്ച് ആവശ്യമായ തയ്യാറെടുപ്പുകളോടെ ശാസ്ത്രീയമായി ഇ-ഫയലിംഗ് നടപ്പിലാക്കുക,

ഇ-ഫയലിംഗിനോടൊപ്പം ഫിസിക്കൽ ഫയലിംഗ് നിലനിർത്തുക, കയ്യെഴുത്ത് കോപ്പികൾ സ്വീകരിക്കുക, പകർപ്പ് അപേക്ഷകൾ പൂർണ്ണമായും ഫിസിക്കൽ ഫയലിംഗ് ആക്കുക, ക്രിമിനൽ കേസുകളിൽ അറസ്റ്റ് ചെയ്ത് ഹാജരാക്കുന്ന സമയം ഫയൽ ചെയ്യുന്ന ജാമ്യ ഹർജികളിൽ ഇ-ഫയലിംഗ് ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങൾ അവർ ഉന്നയിക്കുന്നുണ്ട്. അത് അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നേരത്തെ പറഞ്ഞ രീതിയിൽ മേശപ്പുറത്ത് വയ്ക്കേണ്ടതാണിത്. ഒരു പ്രധാന പ്രശ്നമായതുകൊണ്ട് പറയുകയാണ്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ സമയവും ചെലവും ലാഭിച്ച് കേസ് ഫയലിംഗ് സാധ്യമാക്കുന്നതിനാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മേൽനോട്ടത്തിൽ രാജ്യത്ത് ഇ-ഫയലിംഗ് നടപ്പിലാക്കിവരുന്നത്. 2020 മുതൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിലും 2022 മുതൽ ജില്ലാ കോടതികളിലും ഇ-ഫയലിംഗ് നടപ്പാക്കിയിട്ടുണ്ട്. കോടതി ചെലവുകൾ കുറയ്ക്കുവാനും രേഖകൾ ഡിജിറ്റലായി സംരക്ഷിക്കുവാനും കഴിയുന്ന

ഈ സംവിധാനം പൊതുജനങ്ങൾക്കേറെ സഹായകരമാണ്. ഹൈക്കോടതിയിലുൾപ്പെടെ വിവിധ കോടതികളിൽ ഇ-സേവാ കേന്ദ്രങ്ങളും ഹെൽപ്പ് ഡെസ്കുകളും ഇതിനായി ഏർപ്പെടുത്തിയിട്ടുണ്ട്. അഭിഭാഷകർ, വക്കീൽ ഗുമസ്ഥർ തുടങ്ങിയവർക്ക് തുടർച്ചയായ പരിശീലനം നൽകിയാണ് ഇ-ഫയലിംഗ് നടത്തിവരുന്നത്. ഇലക്ട്രോണിക് ഫയലിംഗ് റൂൾസ് ഫോർ കോർട്ട്സ് (കേരള) 2021 റൂൾ 10 പ്രകാരം ഇളവ് ഹർജികൾ, മാറ്റിവെയ്ക്കൽ ഹർജികൾ, ജാമ്യ അപേക്ഷകൾ, പകർപ്പ്, കോടതി രേഖകൾക്കുള്ള അപേക്ഷകൾ, സാക്ഷിപ്പടി ഡെപ്പോസിറ്റ് മെമ്മോ, പ്രോസസ്സ് മെമ്മോ, ചെക്ക് അപേക്ഷകൾ തുടങ്ങിയവ കോടതി അനുമതിക്ക് വിധേയമായി ഇ-ഫയലിംഗിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. അതോടൊപ്പം 05-08-2023 മുതൽ ഇളവ് ഹർജികൾ, കുറ്റസമ്മതം നടത്തുന്ന കേസ്സുകളിലെ വക്കാലത്ത് മെമ്മോറാണ്ടം, ക്രിമിനൽ കോടതികളിലെ മുൻകൂർ ഹർജികൾ, മാറ്റിവെയ്ക്കൽ അപേക്ഷകൾ, വാറണ്ട് തിരിച്ചുവിളിക്കൽ ഹർജികൾ, ജാമ്യക്കാരുടെ പട്ടിക, ജാമ്യത്തിനുവേണ്ടിയുള്ള ഗ്യാരണ്ടറുടെ സത്യവാങ്മൂലം, രേഖകളുടെ പട്ടിക,

സമൻസ്, അറിയിപ്പ് ഫോമുകൾ, സാക്ഷിപ്പടി ഡപ്പോസിറ്റ് മെമ്മോകൾ, പരിശോധന അപേക്ഷകൾ, പ്രോസസ്സ് മെമ്മോകൾ തുടങ്ങിയവ ഇ-ഫയലിംഗ് നിർബന്ധമല്ലാത്തവയോ ഓപ്ഷണലോ ആക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ അഭിഭാഷക-ഗുമസ്ഥ സമൂഹത്തിന് ആശങ്കപ്പെടേണ്ട സാഹചര്യം നിലവിലില്ല.

(3) **അങ്കമാലി-ശബരി റെയിൽവേ പാത നിർമ്മാണം**

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, 25 വർഷങ്ങൾക്ക് മുമ്പ് എന്റെ കുട്ടിക്കാലത്തും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയൊക്കെ യൗവനകാലഘട്ടത്തിലും ആരംഭിച്ച ഒരു പദ്ധതിയാണ് ശബരി റെയിൽവേ പാത. ശബരി റെയിൽവേ പാതയുടെ നിർമ്മാണം അങ്കമാലി മുതൽ കാലടി വരെ പൂർത്തീകരിച്ചിട്ടുണ്ട്. അവിടെ പാലവും റെയിൽവേ സ്റ്റേഷനുമൊക്കെ വന്നിട്ടുണ്ട്. അത് സാമൂഹ്യവിരുദ്ധരുടെ താവളവുമായി മാറിയിരിക്കുകയാണ്. പക്ഷേ അതിനുശേഷം 25 വർഷം മുമ്പ് രാമപുരം വരെയുള്ള ഭാഗത്ത് സ്ഥലം ഏറ്റെടുക്കാൻ കല്ലിട്ട് തിരിച്ചിട്ടുണ്ട്. അത് പെരുമ്പാവൂർ ഭാഗത്തുകൂടിയാണ്

കടന്നുപോകുന്നത്. ഈ കല്ലിട്ട സ്ഥലങ്ങളിലെല്ലാം ആളുകൾക്ക് വീടുവയ്ക്കാനും സ്ഥലം വിൽക്കാനും ലോണെടുക്കാനുമൊന്നും സാധിക്കുന്നില്ല. ജനങ്ങൾ വളരെ ബുദ്ധിമുട്ടിലാകുന്ന അവസ്ഥയിലാണ്. ഈ റെയിവേ പാത നമുക്ക് പൂർത്തികരിക്കണം. അങ്ങ് തന്നെ ബഡ്ജറ്റിൽ 2,000 കോടി രൂപ കിഫ്ബി മുഖേന വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഏകദേശം 3,500 കോടി രൂപയോളം ഇപ്പോളുണ്ട്. പുതിയ എസ്റ്റിമേറ്റ് പ്രകാരം 5,000 കോടി രൂപയിലേയ്ക്കെത്തും. സംസ്ഥാന സർക്കാർ പകുതി തുക അനുവദിച്ചാൽ മാത്രമേ കേന്ദ്ര സർക്കാർ തുക അനുവദിക്കുകയുള്ളൂ. അങ്ങയുടെ അവശേഷിക്കുന്ന ഭരണ കാലഘട്ടത്തിൽ ഈ റെയിൽവേ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ അങ്ങ് ഇടപെട്ട് ഇതിന്റെ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കി ഭൂ ഉടമകൾക്ക് തുക അനുവദിച്ച് ഈ പദ്ധതി പൂർത്തീക്കരിക്കാനുള്ള നടപടി സ്വീകരിക്കണം. സമാന്തരമായ നല്ലൊരു പാത തിരുവനന്തപുരം വരെയുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. അങ്ങ് ഇതിൽ

പ്രത്യേകം താൽപ്പര്യമെടുത്ത് ഈ പദ്ധതി എത്രയും വേഗം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത്തരം കാര്യങ്ങളിൽ നാം ഒന്നിച്ചുതന്നെ ശബ്ദമുയർത്തേണ്ടതാണ്. ഞാൻ പ്രത്യേകമായി താൽപ്പര്യമെടുത്തതുകൊണ്ടോ സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായി താൽപ്പര്യമെടുത്തതുകൊണ്ടോ മാത്രം തീരാവുന്ന ഒരു പദ്ധതിയല്ലയിത്. റെയിൽവേ ആകുമ്പോൾ അങ്ങനെ ചില പ്രശ്നങ്ങളുണ്ട്. പഴയ ചില കാര്യങ്ങൾ മുടങ്ങിപ്പോയത് നമുക്ക് അറിയാമല്ലോ. അതിന് കേന്ദ്ര അനുമതിയാണ് പ്രശ്നം. കേന്ദ്രത്തിന്റെ അനുമതിയോടുമാത്രമേ നടപ്പാക്കാൻ സാധിക്കുകയുള്ളൂ എന്ന ഭാഗം അതിൽ നിലനിൽക്കുന്നുണ്ട്. അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. 1997-98 വർഷത്തെ റെയിൽവേ ബഡ്ജറ്റിലാണ് അങ്കമാലി-ശബരി റെയിൽ പദ്ധതി നിർദ്ദേശിക്കപ്പെട്ടത്. ഇത് ശബരിമല തീർത്ഥാടകർക്ക് സൗകര്യമാകുന്നതോടൊപ്പംതന്നെ എറണാകുളം, കോട്ടയം, ഇടുക്കി

ജില്ലകളിലെ സാമ്പത്തിക വികസനത്തിന് വേഗം വർദ്ധിപ്പിക്കുന്നതുമായ ഒരു പദ്ധതിയാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അഞ്ച് കോടിയോളം തീർത്ഥാടകരാണ് വർഷംതോറും ശബരിമലയിലെത്തുന്നത്. വർദ്ധിച്ചുവരുന്ന തീർത്ഥാടക ബാഹുല്യത്തെ ഉൾക്കൊള്ളാൻ കൂടുതൽ ഗതാഗത സംവിധാനങ്ങൾ ഇവിടെ ആവശ്യമാണ്. വിനോദസഞ്ചാര മേഖലയിലേയും വ്യാവസായിക മേഖലയിലേയും മുന്നേറ്റത്തിന് പദ്ധതിയേറെ ഗുണകരവുമാണ്. റെയിൽവേ ബോർഡിന്റെ ആവശ്യം അനുസരിച്ച് അങ്കമാലി-ശബരി പദ്ധതിയുടെ 50 ശതമാനം തുക സംസ്ഥാന സർക്കാർ വഹിക്കുന്നതിന് തീരുമാനിച്ച് 2021-ൽ തന്നെ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പദ്ധതിയുടെ വിശദമായ റിപ്പോർട്ട് ദക്ഷിണ റെയിൽവേ ബോർഡിന് സമർപ്പിച്ചിരുന്നു. തുടർന്ന് ദക്ഷിണ റെയിൽവേ ആരാഞ്ഞ അധിക വിവരങ്ങൾ ചേർത്ത് 3,810 കോടി 69 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 27-06-2023-ന് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിക്ക് 2023-24-ൽ 100 കോടി രൂപ അനുവദിച്ചിട്ടുമുണ്ട്. കേരളത്തിന്റെ റെയിൽവേ വികസന

പാതയിൽ വഴിത്തിരിവാകുന്ന പദ്ധതി യാഥാർത്ഥ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിക്ക് സംസ്ഥാന സർക്കാർ കത്ത് അയച്ചിട്ടുണ്ട്. തുടർന്നുള്ള കാര്യങ്ങൾ നമുക്ക് ശ്രദ്ധിക്കാവുന്നതാണ്.

(4) **അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം**

ശ്രീമതി ശാന്തകുമാരി കെ.: സർ, ഒട്ടേറെ സ്ഥല പരിമിതികൾക്കിടയിൽ ഗവൺമെന്റ് പത്തരിപ്പാല ജി.വി.എച്ച്.എസ്.എസ്.-ന്റെ ക്ലാസ് മുറികൾ പകുത്തുനൽകിയിട്ടാണ് 2014-ൽ ആരംഭിച്ച എന്റെ നിയോജകമണ്ഡലത്തിലെ ഏക സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രവർത്തിച്ചുവരുന്നത്. ജില്ലയിലെ കർഷക തൊഴിലാളികൾ അടങ്ങുന്ന രക്ഷിതാക്കളുടെ കുട്ടികൾ പഠിക്കുന്ന ഏക ആർട്സ് ആൻഡ് സയൻസ് കോളേജാണിത്. ഇവിടെ ബികോം, ബി.ബി.എ., ബി.എ. മലയാളം, ബി.എ. ഇംഗ്ലീഷ് തുടങ്ങിയ ബിരുദ കോഴ്സുകളാണുള്ളത്. ഗ്രാജ്വേഷൻ കോഴ്സുകൾ മാത്രമായിട്ട് ഒരു കോളേജിന്

മുന്നോട്ടുപോകാൻ സാധിക്കാത്തുകൊണ്ട് എം.എ. മലയാളം തുടങ്ങിയ പി.ജി. കോഴ്സുകൾ കൂടി ആവശ്യപ്പെട്ടിട്ടുണ്ട്. നല്ല കോളേജ് ക്യാമ്പസിൽ പഠിക്കണമെന്ന വിദ്യാർത്ഥികളുടെ മോഹത്തിന്റെ അടിസ്ഥാനത്തിൽ 2018-ൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 10 കോടി 16 ലക്ഷം രൂപയ്ക്ക് പുതിയ കെട്ടിടത്തിനുവേണ്ടി അനുമതി നൽകിയിരുന്നു. നാളിതുവരെയായിട്ടും അതിന്റെ നിർമ്മാണ പ്രവൃത്തനങ്ങൾ തുടങ്ങാൻ സാധിച്ചിട്ടില്ല. പരീക്ഷ നാളുകളിൽ ഇപ്പോഴും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ക്ലാസ് മുറികളാണ് അവർ ആശ്രയിക്കുന്നത്. അത് പലപ്പോഴും വലിയ അസൗകര്യങ്ങളുണ്ടാക്കാറുണ്ട്. എത്രയും വേഗം ആ കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കൻ സാധിക്കുമോയെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 06-07-2019-ലെ ഉത്തരവും അതിനുശേഷം പുറപ്പെടുവിച്ച രണ്ട് ഉത്തരവുകളും ചേർത്ത് പത്തിരിപ്പാല സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ അടിസ്ഥാന

സൗകര്യ വികസനത്തിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ സമർപ്പിച്ച വിശദമായ പദ്ധതി രേഖ കിഫ്ബിയിൽ പരിശോധിച്ചിരുന്നതും 12-10-2020-ൽ കൂടിയ കിഫ്ബിയുടെ പതിനാറാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ 30-10-2020-ൽ ഉത്തരവ് പുറപ്പെടുവിച്ച് 10,15,53,109 രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നതാണ്. 08-12-2020-ലെ നടപടിക്രമപ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 2500 മീറ്റർ സ്ക്വയറിൽ കൂടുതലാണെങ്കിൽ 'ഗ്രഹ 3 സ്റ്റാർ' ചട്ടങ്ങൾ ബാധകമാണ്. ടി ഉത്തരവനുസരിച്ച് ഡി.എസ്.ആർ., ജി.എസ്.ടി. നിരക്കിലുണ്ടായ മാറ്റമനുസരിച്ചും മേൽ പദ്ധതിക്കായി 12,78,75,270 രൂപയുടെ പുതുക്കിയ ധനാനുമതി നൽകുന്നതിന് കിറ്റ്കോ 10-03-2020-ൽ പുതുക്കിയ ശിപാർശ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി പരിശോധിക്കുകയും കിറ്റ്കോയുമായി നടത്തിയ കൂടിയാലോചനയ്ക്കുശേഷം കിഫ്ബിയുടെ ഇരുപത്തിരണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. അംഗീകാരം ലഭ്യമാക്കിയതിന്റെ

അടിസ്ഥാനത്തിൽ 30-03-2023-ലെ ഉത്തരവുപ്രകാരം ഈ പദ്ധതിക്ക് 13,56,28,769 രൂപയുടെ പുതുക്കിയ ധനാനുമതി നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി ടി പദ്ധതി 12 മാസക്കാലയളവിനുള്ളിൽ പൂർത്തീകരിക്കുന്നതിന് 11,41,83,083 രൂപയുടെ ടെക്നിക്കൽ സാംഗഷന് 03-08-2023-ന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് വർക്ക് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ എസ്.പി.വി. ആയ കിറ്റ്കോ സ്വീകരിച്ചുവരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് എസ്.പി.വി.-ക്ക് പദ്ധതിയാരംഭിച്ച് യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(5) കോഴിക്കോട് വിമാനത്താവളത്തിലെ കാർഗോ കോംപ്ലക്സിന്റെ വികസനം

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കോഴിക്കോട് എയർപോർട്ട് സംസ്ഥാനത്ത് നിലനിൽക്കുന്ന പൊതു മേഖലയിലുള്ള ഏക എയർപ്പോർട്ടാണ്. സ്ഥലമൊക്കെ ഏറ്റെടുത്ത് പുതിയ വികസനത്തിന്റെ പാതയിലാണ് ഈ എയർപോർട്ട്. എന്നാൽ എയർപോർട്ടിലുള്ള കാർഗോ സംവിധാനം വളരെ

ശോചനീയമായ അവസ്ഥയിലാണുള്ളത്. സംസ്ഥാനത്തുതന്നെ ഏറ്റവും കൂടുതൽ പഴവും പച്ചക്കറികളും കയറ്റിയയ്ക്കുകയും സംസ്ഥാനത്തിന് വിദേശ നാണ്യം നേടിത്തരുകയും ചെയ്യുന്ന ഒരു എയർപോർട്ടാണിത്. എന്നാൽ കാർഗോ സംവിധാനം ഏർപ്പെടുത്തുന്നത് കെ.എസ്.ഐ.ഇ-യുടെ കീഴിലാണ്. കേരള ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് വ്യവസായ വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ ഒരു ദിവസം തന്നെ ഏകദേശം 45 മെട്രിക് ടൺ സാധനങ്ങൾ കയറ്റി അയയ്ക്കുന്നുണ്ട്. പക്ഷെ 1060 സ്ക്വയർ ഫീറ്റ് സ്ഥലസൗകര്യമാണ് ഇവിടെയുള്ളത്. 100 ടൺ വരെ കയറ്റി അയയ്ക്കാൻ കഴിയുന്ന ഒരു സംവിധാനം മാത്രമേയുള്ളൂ. ആത്യന്തികമായി ഇതിന് ആവശ്യമായ സ്ഥലം കൂടുതൽ വിപുലീകരിക്കണം. ഒന്നുകിൽ എയർപോർട്ട് അതോറിറ്റിയുമായി സംസാരിച്ച് അവിടെനിന്നോ അല്ലെങ്കിൽ സംസ്ഥാന സംസ്ഥാന സർക്കാർ തന്നെ നേരിട്ടോ അതുമല്ലെങ്കിൽ പുറത്തുനിന്ന് ലീസിന് ലഭ്യമാക്കിക്കൊണ്ടോ കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കണമെന്നതാണ് അടിസ്ഥാനപരമായ ആവശ്യം. അതോടൊപ്പം അവിടെയുള്ള ശീതീകരണ

സംവിധാനം കൂടുതൽ വിപുലപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ 2 എക്സ്റേ മെഷീനുകളുണ്ട്. 3 മെഷീനുകൾ അവിടെ ആവശ്യമാണ്. അതുപോലെതന്നെ സാധനങ്ങളുടെ ഗുണമേന്മ പരിശോധിച്ച് മായം കലർന്നിട്ടില്ലെന്ന് ഉറപ്പുവരുത്തി വിദേശരാജ്യങ്ങളിലേയ്ക്ക് അയ്ക്കണമെങ്കിൽ ആവശ്യമായ ലാബ്, അത് ഇറക്കുമതി ചെയ്യുകയാണെങ്കിലും അതിന് ആവശ്യമായ ലാബ് അവിടെ ലഭ്യമല്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സയൻസ് വിദ്യാർത്ഥികൾ അതിന് തയ്യാറാണ്, യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ട് അവിടെ ലാബ് സൗകര്യം അത്യാവശ്യമായി ഒരുക്കേണ്ടതുണ്ട്. അതുപോലെ ആധുനിക സൗകര്യമുള്ള ട്രോളികൾ ആവശ്യമാണ്. ഇപ്പോൾ യാത്രാ വിമാനങ്ങളിലാണ് ചരക്കുകൾ കയറ്റി അയയ്ക്കുന്നത്. പ്രത്യേക ചരക്കുവിമാനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ മുൻകയ്യെടുക്കേണ്ടതുണ്ട്. ആഭ്യന്തര സർവ്വീസുകൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. ആഭ്യന്തര ചരക്കു സർവ്വീസുകളും വിപുലപ്പെടുത്തേണ്ടതുണ്ട്. ഈ ആവശ്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് സംസ്ഥാനത്തെ സാമ്പത്തിക രംഗത്തും കയറ്റുമതി രംഗത്തും വലിയ ഉണർവ്വിന്

സാധ്യതയുള്ള കോഴിക്കോട് വിമാനത്താവളത്തിലെ കാർഗോ കോംപ്ലക്സിന്റെ വികസനത്തിനായി സർക്കാർ കാര്യക്ഷമമായി ഇടപെടണം. അതിനുവേണ്ടി അങ്ങയുടെ നേതൃത്വത്തിൽ ഒരു ഉന്നതതല യോഗം കൂടി ചേരണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ ഏകദേശം 1060 സ്ക്വയർ ഫീറ്റ് മാത്രമാണ് എയർകാർഗോ എക്സ്പോർട്ട് പ്രവർത്തനങ്ങൾക്കായി നിലവിൽ കെ.എസ്.ഐ.ഇ.-യ്ക്ക് അനുവദിച്ചിട്ടുള്ളത്. ടി സ്ഥലപരിമിതിയിൽ നിന്നുകൊണ്ടാണ് അവിടെ ഇന്റർനാഷണൽ എയർപോർട്ടിൽ എക്സ്പോർട്ട് പ്രവർത്തനങ്ങൾ നടക്കുന്നത്. ഇന്റർനാഷണൽ എക്സ്പോർട്ടിന്റെ കാര്യം മാത്രമാണ് സൂചിപ്പിക്കുന്നത്. ഡൊമസ്റ്റിക് കാർഗോ പ്രവർത്തനങ്ങൾ വകുപ്പിന്റെ കീഴിലല്ല കൈകാര്യം ചെയ്യുന്നത്. കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള കെ.എസ്.ഐ.ഇ.-യുടെ ഇന്റർനാഷണൽ എയർകാർഗോ കോംപ്ലക്സുകൾക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ

സുരക്ഷാ ഏജൻസിയായ ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റിയുടെ, (BCAS) Regulated Air Cargo Agent Status ലഭിച്ചിട്ടുണ്ട്. ഈ പദവിയില്ലെങ്കിൽ ഇന്ത്യയിലെ ഒരു എയർപോർട്ടിൽ നിന്നും കയറ്റുമതി നടത്താൻ ആകില്ലെന്നതാണ് ഇതിന്റെ പ്രാധാന്യം. കേരളത്തിലെ മറ്റൊരു പ്രമുഖ സ്വകാര്യ എയർ കാർഗോ കസ്റ്റോഡിയനും പ്രസ്തുത പദവി ഇതുവരെ നേരിട്ടു ലഭിച്ചിട്ടില്ല. പരിമിതിയുണ്ടെങ്കിലും നമുക്ക് മാത്രമാണ് ടി പദവി ലഭിച്ചിട്ടുള്ളത്. എയർപോർട്ടിൽനിന്ന് വിമാനംവഴി ചരക്കുകൾ അയയ്ക്കുന്നതിന് 'Bureau of Civil Aviation Security' നിഷ്കർഷിച്ചിട്ടുള്ള കർശന നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് കോഴിക്കോട്, Regulated Agent പദവി ലഭ്യമായത്. എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും നടപ്പാക്കുന്നതിന്റെ ഭാഗമായി X-ray machine, Explosives Trace Detectors (ETD) Machine, Door Frame Metal Detector, Hand Held Metal Detector, Electronic Surveillance System, Ladies frisking room എന്നിവ സ്ഥാപിക്കുകയും കാർഗോ സ്ക്രീൻ ചെയ്യുന്നതിനായി BCAS അംഗീകരിച്ച എക്സ്റേ സ്ക്രീനർമാരെ നിയമിക്കുകയും

അനുബന്ധ സൗകര്യങ്ങളൊരുക്കുകയും ചെയ്തിട്ടുണ്ട്. BCAS -ന്റെ സ്റ്റാന്റിംഗ് കമ്മിറ്റി നിരവധിതവണ പരിശോധിച്ചതിനുശേഷമാണ് നമുക്ക് Regulated Agent Status അനുവദിക്കപ്പെട്ടിട്ടുള്ളത്. സ്ഥലപരിമിതിയുണ്ടെങ്കിലും കഴിഞ്ഞ കുറേ വർഷങ്ങളായി കോഴിക്കോടുനിന്നും നല്ല രീതിയിൽ എയർകാർഗോ എക്സ്പോർട്ട് നടന്നുവരുന്നുണ്ട്. കെ.എസ്.ഐ.ഇ.-യുടെ കോഴിക്കോട് കാർഗോ കോംപ്ലക്സിൽ Cold storage സൗകര്യവും നിലവിലുണ്ട്. എങ്കിലും പുതിയ X-ray machine, Pallet truck, ട്രോളികൾ, ഓഫീസ് ഉപകരണങ്ങൾ തുടങ്ങിയ അനുബന്ധ സൗകര്യങ്ങളും കെ.എസ്.ഐ.ഇ. എക്സ്പോർട്ട് കോംപ്ലക്സിൽ ഉടൻതന്നെ ഏർപ്പെടുത്തുന്നതാണ്. കൂടുതൽ സ്ഥലസൗകര്യം ലഭിക്കാൻ ശ്രമിക്കുന്നുണ്ട്. ലഭിക്കുന്നപക്ഷം ശീതീകരണ സംവിധാനവും നടപ്പിലാക്കാൻ സാധിക്കും. കാർഗോ സ്ക്രീനിംഗിനും മറ്റുമായി BCAS അംഗീകരിച്ച എക്സ്റേ സ്ക്രീനർമാരെ കെ.എസ്.ഐ.ഇ. ഇതിനകം നിയോഗിച്ചുകഴിഞ്ഞു. കാർഗോ കയറ്റിറക്കിനും കാർഗോ ഓപ്പറേഷൻസ് നടത്തിപ്പിനും കൂടുതൽപേരെ ഉടൻതന്നെ നിയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്.

നിലവിൽ കെ.എസ്.ഐ.ഇ. ഇന്റർനാഷണൽ കാർഗോ മാത്രമേ കൈകാര്യം ചെയ്യുന്നുള്ളൂ. ഡൊമസ്റ്റിക് കാർഗോ ടെർമിനൽ പ്രവർത്തനങ്ങളുടെ കാര്യത്തിൽ എയർപോർട്ട് അതോറിറ്റിയുമായി ആലോചിച്ച് തീരുമാനിക്കുന്നതിലേയ്ക്കായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാന്യനായ അംഗം ആവശ്യപ്പെട്ടതുപോലെ അതുസംബന്ധിച്ച് ഒരു യോഗം ആവശ്യമാണെങ്കിൽ യോഗത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

(6) ജാതി സെൻസസ്

ശ്രീ. പി. കെ. ബഷീർ: സർ, വളരെ സുപ്രധാനമായ ഒരു വിഷയമാണ് ഇവിടെ സബ്മിഷനായി അവതരിപ്പിക്കുന്നത്. പിന്നാക്ക ജാതി സംവരണം രാജ്യത്ത് വലിയ വെല്ലുവിളിയായി മാറിയിരിക്കുകയാണ്. ഈ സംവരണം നമ്മുടെ രാജ്യത്ത് ദശാബ്ദങ്ങളായി നടന്നുവരുന്ന ഒന്നാണ്. എന്നാൽ ജാതി സംവരണം കൃത്യമായി നടത്തണമെങ്കിൽ അതുസംബന്ധിച്ച രേഖകൾ ആവശ്യമാണ്. വിവിധ പിന്നാക്ക ജാതികളുടെ കണക്കുകളും ആധികാരിക വിവരങ്ങളും വേണം. എന്നാൽ 1931 -ൽ ബ്രിട്ടീഷ് ഭരണകാലത്ത് നടത്തിയ

അപൂർണ്ണമായ ജാതി സെൻസസ് അല്ലാതെ മറ്റൊരു ആധികാരിക രേഖയുമില്ലാത്ത സ്ഥിതിയാണ് ഇന്നുള്ളത്. പിന്നാക്ക ജനവിഭാഗങ്ങൾ ഏതൊക്കെയാണെന്നതിനെ സംബന്ധിച്ചും അതിന്റെ ആധികാരികമായ കണക്കുകൾ സംബന്ധിച്ചും ഇപ്പോഴും അവ്യക്തമായ ചിത്രമാണ് നമ്മുടെ രാജ്യത്തും സംസ്ഥാനത്തും നിലനില്ക്കുന്നത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള സുപ്രീം കോടതിയുടെ ഇന്ദിരാ സാഹ്നി കേസ് വിധിയിൽ രാജ്യത്ത് പിന്നാക്കക്കാർക്ക് 27 ശതമാനം സംവരണം സർക്കാർ ജോലികളിലും കോളേജ് അഡ്മിഷനുകളിലും അനുവദിച്ചിട്ടുണ്ട്. ഭൂരിപക്ഷമായ ഹിന്ദു മതത്തിൽതന്നെ 70 ശതമാനത്തോളംപേർ പിന്നാക്ക വിഭാഗത്തിൽനിന്നെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ന്യൂനപക്ഷങ്ങളിലെ പിന്നാക്കവിഭാഗത്തിനെ കൂടെ ഉൾപ്പെടുത്തിയാൽ, മൊത്തം ജനസംഖ്യയിൽ ഏതാണ്ട് 80 ശതമാനത്തോളം വരും. സമൂഹത്തിൽ മഹാഭൂരിപക്ഷം വരുന്ന ടി വിഭാഗത്തിന്റെ മൗലികഅവകാശമാണ് ജാതി സെൻസസിന്റെ അഭാവംമൂലം ഇന്ത്യയിലും സംസ്ഥാനത്തും

നിഷേധിക്കപ്പെടുന്നത്. ഏതൊരു ആസൂത്രണത്തിന്റെയും അടിസ്ഥാനം ആധികാരികമായ കണക്കുകളും വിവരങ്ങളുമാണ്. എന്നാൽ ആധികാരികമായ ഒരു കണക്കിന്റേയും പിൻബലം ഇല്ലാതെയാണ് പിന്നാക്ക സംവരണം ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. 1891 -ൽ ബ്രിട്ടീഷുകാർ ഇന്ത്യയിൽ സെൻസസ് ആരംഭിച്ചപ്പോൾ അതിൽ ജാതി രേഖപ്പെടുത്തുന്നതിന് കോളം ഉണ്ടായിരുന്നു. 1931 വരെ അത് തുടരുകയും ചെയ്തു. 1953 -ൽ രാജ്യത്ത് ആദ്യമായി പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പഠിക്കാൻ നിയോഗിച്ച കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങളിലൊന്ന് 1961-ലെ സെൻസസിൽ ജാതി കണക്ക് എടുക്കണമെന്നായിരുന്നു. എന്നാൽ അത് നടന്നില്ല. 2011-ലെ സാമൂഹിക-സാമ്പത്തിക ജാതി സെൻസസിൽ തെറ്റുള്ളതിനാൽ ജോലി, വിദ്യാഭ്യാസം, തെരെഞ്ഞെടുപ്പ്, സംവരണം എന്നിവയ്ക്ക് ഇതിനെ ആശ്രയിക്കാനാകില്ലെന്ന് കേന്ദ്രസർക്കാർ പറയുന്നു. 2011 സെൻസസ് ജനങ്ങളിൽ നിന്ന് ബോധപൂർവ്വം മറച്ചുവച്ചുകൊണ്ടാണ് കേന്ദ്രം ഈ തെറ്റായ പ്രസ്താവന നടത്തിയിട്ടുള്ളത്. 2011 -ലെ കണക്കുകൾ നിറയെ

അബദ്ധങ്ങളായതിനാൽ അത് ഉപയോഗിക്കാനാകാതെ രജിസ്ട്രാർ ജനറലിന്റെ ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണെന്നാണ് സുപ്രീം കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ കേന്ദ്രസർക്കാർ വ്യക്തമാക്കിയിരിക്കുന്നത്. മഹാരാഷ്ട്ര, ബീഹാർ, ഝാർഖണ്ഡ്, ഒഡീഷ നിയമസഭകൾ ജാതി സെൻസസ് എടുക്കണമെന്ന് ആവശ്യപ്പെട്ട് പ്രമേയം പാസ്സാക്കിയിട്ടുണ്ട്. കേന്ദ്രം ഇതിന് തയ്യാറായില്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ജാതി സെൻസസ് നടത്തുമെന്ന് ഒഡീഷ, ബീഹാർ അടക്കം ചില സംസ്ഥാനങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. നിയമസഭാ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ബീഹാറിൽ ജാതി സെൻസസ് നടത്തി. ബീഹാർ സംസ്ഥാനം ജാതി സെൻസസ് നടത്താൻ തീരുമാനിച്ച അവസരത്തിൽ ഇതുമായി ബന്ധപ്പെട്ട കേസ് ബഹു.സുപ്രീം കോടതിയിൽ ഫയൽചെയ്യപ്പെടുകയും ബഹു.സുപ്രീംകോടതി ബഹു.ഹൈക്കോടതിയോട് ഇതുസംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. ബഹു.ഹൈക്കോടതി പ്രസ്തുത കേസ് പരിശോധിക്കുകയും ജാതി സെൻസസ് നടക്കണമെന്നുതന്നെയാണ് ബീഹാർ

ഹൈക്കോടതി സൂചിപ്പിച്ചത്. ബീഹാർ ഹൈക്കോടതിയുടെ വിധിക്കെതിരെ സുപ്രീംകോടതിയിൽ പോയപ്പോൾ ബഹു.സുപ്രീംകോടതി പ്രസ്തുത വിധി സ്റ്റേ ചെയ്തില്ല. നമ്മുടെ സംസ്ഥാനത്ത് ഇത് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാരിലെ പല സംഘടനകളും വ്യക്തികളും പിന്നാക്ക സമിതി അംഗങ്ങളും എന്റെ പാർട്ടി അടക്കവും നിവേദനം നൽകി. തീരുമാനം എടുക്കാത്തതുകൊണ്ട് ബഹു. സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തു. സുപ്രീം കോടതിയിൽ ജാതി സെൻസസിന്റെ കാര്യം സൂചിപ്പിച്ചു. അതിലും സംസ്ഥാന സർക്കാർ ഇതുവരെയും തീരുമാനം എടുത്തിട്ടില്ല. ഈ മാസം 22-ാം തീയതി സംസ്ഥാന സർക്കാരിന് എതിരെയുള്ള കോടതിയലക്ഷ്യ കേസ് സുപ്രീം കോടതിയിൽ വരികയാണ്. ബഹുമാനപ്പെട്ട ഗവൺമെന്റിനോട് എനിക്ക് സൂചിപ്പിക്കാനുള്ളത്, കേരളത്തിൽ ആധികാരിക-ഔദ്യോഗിക മേഖലയിലെ പങ്കാളിത്തം, മറ്റ് സാമൂഹിക സുരക്ഷാ പദ്ധതികൾ നടപ്പാക്കേണ്ട ആവശ്യകത ഇതെല്ലാം കൃത്യമായി അറിയുന്നതിനും ജാതി സെൻസസ് നടത്തേണ്ടതുണ്ട്. സംവരണത്തിന് അർഹമായ എസ്.സി., എസ്.റ്റി., മുസ്ലീം,

മറ്റ് പിന്നാക്ക വിഭാഗങ്ങളുടേയും ജാതി തിരിച്ചുള്ള വിവരങ്ങൾ ലഭ്യമായാൽ മാത്രമേ ഓരോ വിഭാഗങ്ങൾക്കും അവർക്ക് അർഹമായ സംവരണപ്രകാരമുള്ള അവകാശങ്ങൾ ലഭിച്ചെന്ന് ഉറപ്പാക്കാൻ കഴിയൂ. ആയതിനാൽ ബീഹാർ സംസ്ഥാന സർക്കാർ പ്രവർത്തിച്ചതുപോലെയും ഒഡിഷ സർക്കാർ ചെയ്യാൻ തുടങ്ങുന്നതുപോലെയും കേരളത്തിലും ജാതി സെൻസസ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്നതാണ് പ്രസ്തുത സബ്മിഷനിലൂടെ ഞാൻ സർക്കാരിനുമുന്നിൽ ഉന്നയിക്കുന്നത്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, ജാതി സെൻസസ് നടത്തുന്നതിന്റെ ആവശ്യകതയെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട നിയമസഭാംഗം ഇവിടെ സബ്മിഷൻ അവതരിപ്പിച്ചിട്ടുള്ളത്. പ്രസ്തുത വിഷയം സംബന്ധിച്ച ചരിത്രവും പാരമ്പര്യവും അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹമിവിടെ സൂചിപ്പിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. 2011-ലാണ് കേന്ദ്രസർക്കാർ നമ്മുടെ സാമൂഹിക സാമ്പത്തിക

ജാതി സെൻസസ് നടത്തിയത്. അതിനോടനുബന്ധിച്ച് റോ കാസ്റ്റ് ഡാറ്റ നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു. എന്നാൽ പ്രസ്തുത ഡാറ്റാ വിശദാംശങ്ങൾ ഒരു ഏജൻസിക്കും കൈമാറാനാകില്ലെന്ന വിവരം കേന്ദ്രസർക്കാർ, സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനെ അറിയിക്കുകയുണ്ടായി. പ്രസ്തുത വിവരം കമ്മീഷൻ സർക്കാരിനെയും അറിയിച്ചിട്ടുണ്ട്. തുടർന്ന് 105-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ സാമൂഹികമായിട്ടും വിദ്യാഭ്യാസപരമായിട്ടും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളെ പ്രത്യേക സംസ്ഥാന പട്ടിക തയ്യാറാക്കാനും പരിപാലിക്കാനും സാമൂഹിക സാമ്പത്തിക ജാതി സെൻസസ് നടത്താനും സംസ്ഥാന സർക്കാരുകൾക്ക് സ്വാതന്ത്ര്യമുണ്ടെന്ന് കേന്ദ്രസർക്കാർ പ്രസ്തുത കത്തിലൂടെ നിരീക്ഷിച്ചിരുന്നു. ചില സംഘടനകൾ ഹൈക്കോടതിയിലാണ് കേസ് ഫയൽ ചെയ്തിരിക്കുന്നത്. കൂടാതെ, സെൻസസ് നടത്തണമെന്നതുസംബന്ധിച്ച് ചില സാമൂഹിക സംഘടനകളും സർക്കാരിൽ പരാതി സമർപ്പിച്ചു. ഇതുസംബന്ധിച്ച് കോടതി പരിശോധിച്ചുവരികയാണ്.

ബീഹാറിൽ സെൻസസ് ആരംഭിച്ചതുസംബന്ധിച്ച് അങ്ങിവിടെ ചൂണ്ടിക്കാണിച്ചു. എല്ലാ സംസ്ഥാനങ്ങളും പ്രസ്തുത തീരുമാനം നടപ്പാക്കാൻ മുന്നോട്ടുവന്നിട്ടില്ല. സാമൂഹിക സാമ്പത്തിക പ്രശ്നങ്ങളെല്ലാം പരിശോധിച്ചുമാത്രമേ അത് ആരംഭിക്കാൻ കഴിയൂ. എന്തായാലും നമ്മുടെ സംസ്ഥാനത്ത് ജാതി സെൻസസ് നടത്തുന്ന വിഷയത്തിൽ സർക്കാർ നയപരമായ തീരുമാനം എടുക്കേണ്ടതുണ്ട്. അത്തരത്തിലൊരു തീരുമാനമെടുത്തുകൊണ്ട് ഇക്കാര്യം പരിശോധിക്കുകയും അത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും ചെയ്യാം. നിലവിൽ കോടതിയിൽ ഇതുമായി ബന്ധപ്പെട്ട കേസ് നിലനിൽക്കുന്നുണ്ട്. അതുകൂടി പരിശോധിച്ചുകൊണ്ട് ജാതി സെൻസസ് എടുക്കുന്ന കാര്യത്തെ സംബന്ധിച്ച് പിന്നീട് തീരുമാനിക്കാവുന്നതാണ്.

(7) <u>ഗുരുവായൂർ അമൃത് പദ്ധതി</u>

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, ഗുരുവായൂർ അമൃത് കുടിവെള്ള പദ്ധതിക്കുള്ള പൈപ്പ് ലൈൻ കടന്നുപോകുന്നത് മണലൂർ മണ്ഡലത്തിലെ ഏകദേശം ഇരുപതു

കിലോമീറ്റർ നീളമുള്ള പൊതുമരാമത്ത് റോഡുവഴിയാണ്. വർഷങ്ങളായിട്ട് ഇഴഞ്ഞുനീങ്ങുന്ന ഈ പൈപ്പ് ലൈൻ പണിമൂലം ദുരിതം പേറുന്നവരാണ് മണലൂർ നിവാസികളെന്നത് ഒരു വാസ്തവമാണ്. സമയബന്ധിതമായി ഈ പണി പൂർത്തീകരിക്കാത്തതുമൂലം മണ്ഡലത്തിലെ പ്രധാന മറ്റ് റോഡുകൾ ആകെ തകർന്നു കിടക്കുന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. പ്രത്യേകിച്ച് ഗുരുവായൂർ മേൽപ്പാലത്തിന്റെ പണി പൂർത്തീകരിക്കാത്തതുമൂലം അതുവഴി കടന്നുവരുന്ന അന്യസംസ്ഥാന വാഹനങ്ങളടക്കം കടന്നുപോകുന്ന ഒരു പ്രധാനപ്പെട്ട റോഡാണ് ഈ റോഡ്. ഈ റോഡിന്റെ ഭാഗമായ പൂവത്തുർ മുതൽ പാവറട്ടി വരെയുള്ള റോഡ് ഒരു സുപ്രഭാതത്തിൽ ഒരു മുന്നറിയിപ്പുമില്ലാതെ പൂർണ്ണമായും അടച്ചുകെട്ടിയതുമൂലമുള്ള വലിയ ദുരിതം പേറുകയാണ് സ്കൂൾ വിദ്യാർത്ഥികൾ അടക്കമുള്ള യാത്രക്കാർ. എന്റെ ആവശ്യം അടിയന്തരമായി ഈ ഭാഗത്തിന്റെ പണി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. Restoration വർക്കും അതിന്റെ ഭാഗമായി പെട്ടെന്ന് പൂർത്തീകരിക്കാനും restoration വർക്ക് നടത്താത്ത മറ്റ് പ്രദേശങ്ങളിലെ restoration വർക്കും

പൂർത്തീകരിച്ച് റോഡ് പൊതുമരാമത്തിന് കൈമാറണം എന്നുള്ളതാണ് ഈ സബ്മിഷൻ വഴി ഉന്നയിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഗുരുവായൂർ അമൃത് പദ്ധതിയുടെ ഭാഗമായി പൂവത്തൂർ-പാവറട്ടി റോഡിൽ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. ഇതോടൊപ്പം തന്നെ ജൽ ജീവൻ മിഷൻ -ആർ.കെ പദ്ധതിയിൽ ഉൾപ്പെട്ട പാവറട്ടി മുല്ലശ്ശേരി പദ്ധതികൾക്കുള്ള പൈപ്പുകളും സ്ഥാപിക്കുന്നുണ്ട്. കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ജില്ലാ വികസന സമിതി യോഗത്തിൽ ബഹുമാനപ്പെട്ട ഗുരുവായൂർ എം.എൽ.എ.-യുടെയും കളക്ടറുടെയും നിർദ്ദേശപ്രകാരം റോഡ് ബ്ലോക്ക് ചെയ്ത് പതിനഞ്ച് പ്രവൃത്തി ദിവസം കൊണ്ട് പൂർത്തീകരിക്കാനാണ് തീരുമാനിച്ചിരുന്നത്. അതുപ്രകാരം പ്രവൃത്തി പുരോഗമിക്കുകയാണ്. 1400 മീറ്റർ പൈപ്പ് സ്ഥാപിക്കുന്നതിൽ 658 മീറ്റർ സ്ഥാപിച്ചു. 742 മീറ്റർ പൈപ്പ് സ്ഥാപിക്കാനുണ്ട്. കാലാവസ്ഥ പ്രതികൂലമായതുകൊണ്ട് പ്രവൃത്തിയെ സാരമായി ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും സെപ്റ്റംബർ മാസം അവസാനം ആകുന്നതിനു മുമ്പ് തന്നെ

പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. കരാറുകാർ എന്തെങ്കിലും വീഴ്ച വരുത്തിയാൽപോലും അത് ഡിപ്പാർട്ട്മെന്റ് തലത്തിൽ ആ പ്രവൃത്തി ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്.

(8) ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗശല്യം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും ഗൗരവകരമായ ഒരു ജനകീയ വിഷയമാണ് വന്യമൃഗ ശല്യം. എരുമേലി, മുണ്ടക്കയം, കോഴിക്കോട് എന്നീ മൂന്നു പഞ്ചായത്തുകളിലായി ഏകദേശം മുപ്പതു കിലോമീറ്റർ ദൂരം കാർഷിക മേഖലയും വനമേഖലയുമായും അതിർത്തി പങ്കിടുന്നു. ഈ പ്രദേശങ്ങളിൽ നിരന്തരമായ വന്യമൃഗ ശല്യം ജനങ്ങൾക്ക് വലിയ ഭീഷണിയും ദുരിതവുമായിരിക്കുകയാണ്. കഴിഞ്ഞ 19-05-2023-ലാണ് കണ്ണിമലയിൽ രണ്ടു ആളുകളെ അവരുടെ വീട്ടിൽ വച്ച് കാട്ടുപോത്ത് ആക്രമിച്ച് കൊലപ്പെടുത്തുകയുണ്ടായത്. കഴിഞ്ഞ 20-07-2023-ൽ പുലികുന്ന് എന്നു പറയുന്ന സ്ഥലത്ത് ഒരു പുലി ഇറങ്ങി നിരവധി

മൃഗങ്ങളെയും മറ്റും തുടർച്ചയായി പിടിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ കഴിഞ്ഞ ഇരുപതാം തീയതിയാണ് അതിനെ കെണി വച്ചുപിടിക്കാൻ ഇടയായത്. ഈ നിലയിൽ വന്യമൃഗശല്യം രൂക്ഷമായി വരികയാണ്. കണ്ണിമല, കാരിശ്ശേരി, പാക്കാനം, തുമരംപ്പാറ, കൊപ്പം, മൈനാക്കുളം, കൊമ്പ് കുത്തി തുടങ്ങിയ മേഖലകളിലൊക്കെ നൂറ് കണക്കിന് ഏക്കർ കൃഷിഭൂമിയിൽ കൃഷി ഇല്ല. കൃഷി മുഴുവൻ വന്യമൃഗങ്ങൾ നശിപ്പിച്ചിരിക്കുകയാണ്. കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ മാത്രം മുന്നൂറ് കുടുംബങ്ങളാണ് വന്യമൃഗങ്ങളുടെ ആക്രമണംമൂലം നാശനഷ്ടങ്ങൾ നേരിടേണ്ടി വന്നത്. ടി വിഷയത്തിൽ രണ്ടു പരിഹാര മാർഗ്ഗങ്ങളാണ് എനിക്ക് പറയാനുള്ളത്. ഒന്ന്, കേവലം ആറ് കിലോമീറ്റർ മാത്രമാണ് ഈ മുപ്പതു കിലോമീറ്റർ ദൂരമുള്ളതിൽ പ്രതിരോധ സംവിധാനമുള്ളത്. കോട്ടയം ഫോറസ്റ്റ് ഡിവിഷൻ, പെരിയാർ ടൈഗർ റിസർവ് എന്നീ രണ്ട് ഫോറസ്റ്റ് ഡിവിഷനാണ് നിലവിലുള്ളത്. ബാക്കി അവശേഷിക്കുന്ന ഭാഗത്തുകൂടി കൃത്യമായ പ്രതിരോധ സംവിധാനം ആവശ്യമായ സ്ഥലങ്ങളിൽ കിടങ്ങ്, ജൈവ വേലി, ഹാംഗിങ് ഫെൻസിംഗ്,

സോളാർ ഫെൻസിംഗ് അടക്കമുള്ള പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തും. അതോടൊപ്പംതന്നെ കൃത്യമായി മൃഗങ്ങൾ വരുന്നത് സെൻസ് ചെയ്ത് അതിനെ തിരിച്ച് ഓടിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തും. കോട്ടയം ജില്ലയിൽ വനം വകുപ്പിന് റാപ്പിഡ് റെസ്പോൺസ് ടീം (RRT) സംവിധാനം നിലവിലില്ല. റാപ്പിഡ് റെസ്പോൺസ് ടീമിനെയും കൂടുതൽ വനപാലകരെയും ഒക്കെ നിയോഗിച്ച് ആ നിലയിൽ ഇപ്പോഴുള്ള നിയമസംവിധാനത്തിന് അകത്തുനിന്നുകൊണ്ടുള്ള പ്രതിരോധ സംവിധാനങ്ങളും പരിരക്ഷാ മാർഗ്ഗങ്ങളും അവലംബിക്കണം. അതോടൊപ്പംതന്നെ വളരെ ഗൗരവകരമായ കാര്യം എനിക്ക് ഗവൺമെന്റ് മുമ്പാകെ പറയുവാനുള്ളത് നിയമപരമായ പോംവഴികളെ കുറിച്ച് ഗൗരവകരമായി ചിന്തിച്ചേ മതിയാകൂ. ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി അധ്യക്ഷനായ സമിതിയെ നിശ്ചയിച്ചിട്ടുണ്ടെന്നുള്ളതിൽ ഞാൻ ഗവൺമെന്റിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഇവിടെ എനിക്ക് സൂചിപ്പിക്കാനുള്ളത് ആ നിയന്ത്രണ മാർഗ്ഗങ്ങളിൽ കൃത്രിമ ജല നിയന്ത്രണ മാർഗ്ഗങ്ങൾ മൃഗങ്ങൾക്ക് ഏതെങ്കിലും നിലയിൽ അല്ലെ ചെയ്യാൻ

കഴിയുമോയെന്ന് പരിശോധിക്കണം. ഇവയുടെ എണ്ണപ്പെരുക്കം നിയന്ത്രിച്ചേ മതിയാകൂ. അതുപോലെതന്നെ കാർഷികമേഖലയിൽ ഇറങ്ങുന്ന മൃഗങ്ങളെ മറ്റ് രാജ്യങ്ങളിലുള്ളതുപോലെ ഷൂട്ട് അറ്റ് സൈറ്റ് അതായത് കൃഷി ഭൂമി കർഷകന് അവകാശപ്പെട്ടതാണ് അതുപോലെ വനത്തിൽ നിൽക്കണം മൃഗങ്ങൾ. ഈ തത്ത്വം പാലിച്ചുകൊണ്ട് അതിനു പുറത്തേയ്ക്ക് വരുന്നവരെ കൊന്നുകളയാൻ നിയമപരമായ പരിരക്ഷ ഉണ്ടായേ മതിയാകൂ. ഇതിന് സംസ്ഥാന ഗവൺമെന്റ് ഒരു പരിധിവരെ സാധിക്കുമെന്നുള്ളതാണ് നിയമവിദഗ്ധർ നൽകുന്ന ഒരു സൂചന. അക്കാര്യം ഞാൻ സൂചിപ്പിക്കാം. Protection of wild life animals and birds are included as item No.17 B of Concurrent List (Schedule VII) of the Constitution of India. Since Wild Life (Protection) Act being a central Act, as per Article 254(2) of the Constitution of India, the State Govt. could bring amendment or a state legislation only on assent of the President of India. പ്രസിഡന്റ് ഓഫ് ഇന്ത്യയുടെ അംഗീകാരം മതി ഈ കാര്യത്തിൽ സ്റ്റേറ്റ് ഗവൺമെന്റിനും നിയമനിർമ്മാണമാകും.

Hence along with the other measures the State Govt. could amend the Wild Life (Protection) Act or enact a legislation on the subject matter under Article 254(2) and delegate the power provided under Sec. 11 of the Act to District Magistrate so as to protect human life, safety and also the agriculture in the areas which are prone to wild animal attacks.

ഈ നിലയിൽ നിലവിലുള്ള നിയമ സംവിധാനത്തിനകത്തുള്ള പ്രതിരോധ മാർഗ്ഗവും അതോടൊപ്പം നിയമപരമായ ഭേദഗതി ഇക്കാര്യത്തിൽ കൃഷി ഭൂമിയുടെയും കർഷകന്റെയും രക്ഷയ്ക്കുവേണ്ടി ഉണ്ടാകണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധയിലുള്ള പ്രശ്നങ്ങളാണ്. അതിനുള്ള പരിഹാര മാർഗ്ഗങ്ങൾ ഓരോന്നായി നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. സാധാരണ നിലയിൽ

ജനവാസ മേഖലയിൽ ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് കയറ്റിവിടുന്ന പ്രവർത്തനമാണ് നടത്താറുള്ളത്. വനംവകുപ്പ് ഉദ്യോഗസ്ഥന്മാരും തദ്ദേശീയരും ഉൾപ്പെട്ട വിവിധ ടീമുകളെ ഇതിനോടകംതന്നെ രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഫോർട്ടീൻ ഡിവിഷനിൽ പീരുമേട്, കോലത്തോട് ഭാഗം ഹോട്ട്സ്പോട്ടായി നിർണ്ണയിക്കുകയും ടി സ്ഥലത്ത് വനംവകുപ്പിന്റെ വിവിധ വിഭാഗങ്ങളിലുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക ടീം രൂപീകരിച്ച് വന്യജീവി ആക്രമണം തടയാനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. കാട്ടുപന്നികളെ ഉപാധികളോടുകൂടി വെടിവച്ചുകൊല്ലുന്നതിനുള്ള തീരുമാനമാണ് ഇപ്പോൾ നിലവിലുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതുപോലെ മറ്റെല്ലാ മൃഗങ്ങളെയും അക്രമകാരികളായ മൃഗങ്ങളെയും കൊല്ലാനുള്ള നിയമ ഭേദഗതി വേണമെന്നാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. ആ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട് പറയുമ്പോൾ പന്നികളെ കൊല്ലുന്നതിനുള്ള ഉത്തരവുപോലെ തന്നെ മനുഷ്യസാധ്യമല്ലാത്ത ഉപാധികളോടുകൂടി മാത്രമേ ആ അമെന്റ്മെന്റ് പാസ്സാക്കാൻ ഇപ്പോൾ കഴിയുകയുള്ളൂ. അവകാശമുണ്ട് പക്ഷേ ഉപാധികളാണ്

പ്രശ്നം. ഉപാധികളിൽ മാറ്റം വന്നാൽ മാത്രമേ കർഷകർക്ക് അത് പ്രയോഗിക്കാൻ കഴിയൂ. നമ്മുടെ അനുഭവത്തിൽതന്നെ ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം ഉണ്ടെങ്കിലും അത് പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നില്ലയെന്നുള്ള വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാവുമെന്നാണ് ഞാൻ കരുതുന്നത്. ഈ വിഷയങ്ങളൊക്കെ പരിഗണിച്ച് സോളാർ വേലിയുടെ അറ്റകുറ്റ പണികൾ സജ്ജമാക്കുന്നതിന് 13.5 കിലോമീറ്റർ ദൂരം ഈ പണികൾ നടത്തുന്നതിനായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. വന്യജീവി സാന്നിധ്യം കൂടുതലായി അറിയപ്പെടുന്ന സ്ഥലങ്ങളിൽ ശല്യം തടയുന്നതിന് നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി 21 കിലോമീറ്റർ സോളാർ ഹാംഗിങ് ഫെൻസിംഗ് നിർമ്മിക്കുന്നതിനും 1.8 കിലോമീറ്റർ എലിഫെന്റ് പ്രൂഫ് ട്രെഞ്ച് നിർമ്മിക്കുന്നതിനുമായി 287.91 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സജീവ പരിഗണനയിലാണ്. അങ്ങനെ വരുമ്പോൾ 30 കിലോമീറ്ററിലധികം വരുന്ന അങ്ങയുടെ മണ്ഡലത്തിന്റെ വനാതിർത്തി ഏതാണ്ട് സംരക്ഷിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. സോളാർ വേലിയുടെ പ്രവർത്തനം കൃത്യമായി

നിരീക്ഷിക്കുന്നതിനും അക്രമം ഉണ്ടായാൽ തടയുന്നതിനും ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ തദ്ദേശീയരായ ആളുകളെ ഉൾപ്പെടുത്തി ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെ വാർഡുതല സമിതികൾ രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട്. നിലവിൽ സോളാർ വേലിയുടെ നിർമ്മാണവും അറ്റകുറ്റപണികളും ഈ സമിതികളുടെ മേൽനോട്ടത്തിലാണ് നടന്നുവരുന്നത്. അതു ഞാൻ പറയാൻ കാരണം, ജനകീയ പങ്കാളിത്തത്തോടുകൂടിയാണ് ഈ പ്രതിരോധ പ്രവർത്തനം നടത്തുന്നത് എന്ന് പ്രത്യേകമായി സൂചിപ്പിക്കുന്നതിനുവേണ്ടിയാണ്. പ്രശ്ന ബാധ്യതാ പ്രദേശങ്ങളിൽ പങ്കെടുപ്പിച്ച് ജാഗ്രതാ സമിതികളും രൂപീകരിച്ചിട്ടുണ്ട്. ഭാവിയിൽ ഗ്രാമപഞ്ചായത്ത് അധികൃതരുമായി കൂടിയാലോചിച്ച് തുടർന്നും അത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇവിടെയൊക്കെ അടിയന്തര സഹായം എത്തിക്കാൻ സർക്കാർ ആദ്യ ഗഡു നൽകിയിട്ടുണ്ട്. മറ്റു ഗഡുക്കൾ നൽകാൻ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ കഴിയൂയെന്ന് അനുഭവ പരിചയമുള്ള അങ്ങേയ്ക്ക് അറിയാമെന്നാണ് ഞാൻ കരുതുന്നത്. പ്രത്യേകമായ ശ്രദ്ധ ആ

മേഖലയ്ക്ക് സർക്കാർ നൽകി വരുന്നുണ്ടെന്ന് വ്യക്തമാക്കാനാണ് ഞാൻ ഇപ്പോൾ ശ്രമിക്കുന്നത്.

(9) ബിവറേജ് ഔട്ട്‌ലെറ്റ് മാറ്റുന്നതിനുള്ള നടപടി

ശ്രീ. അൻവർ സാദത്ത്: സർ, അതീവഗൗരവമുള്ള ഒരു ജനകീയ പ്രശ്നമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 21-08-2023-ന് എന്റെ നാട്ടിലെ കോട്ടായി എന്ന പ്രദേശത്ത് ഒരു പുതിയ ബിവറേജ് ഔട്ട്‌ലെറ്റ് ആരംഭിച്ചു. ഈ ബിവറേജ് ആരംഭിച്ചതിന്റെ തൊട്ടടുത്ത പ്രദേശത്തുണ്ടായിരുന്ന ബിവറേജ് ഔട്ട്‌ലെറ്റ് ജനങ്ങളുടെ പ്രതിഷേധത്തിന്റെ ഭാഗമായി മാറ്റിയിരുന്നു. ആ ബിവറേജാണ് ഇപ്പോൾ കോട്ടായി പ്രദേശത്ത് ആരംഭിച്ചിട്ടുള്ളത്. എൻ.എച്ച്-നോട് തൊട്ടുചേർന്നാണ് ഈ ബിവറേജ് സ്ഥാപിച്ചിട്ടുള്ളതിനാൽ അപകടങ്ങളുണ്ടാകാനുള്ള സാധ്യത കൂടുതലാണ്. മാത്രമല്ല ജനങ്ങൾ നിരന്തരമായി സഞ്ചരിക്കുന്നതും ഇടപെടുന്നതുമായ പ്രദേശത്താണ് ഈ ബിവറേജ് ഔട്ട്‌ലെറ്റ് സ്ഥാപിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് അവിടെ

വലിയ ജനകീയ പ്രക്ഷോഭങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഈ ബിവറേജ് ആരംഭിച്ച ഉടൻത്തന്നെ അവിടെ മദ്യം വാങ്ങിക്കാൻ വന്നവർ പരസ്പരം ബഹളമുണ്ടാക്കുകയും അവസാനം കത്തിക്കുത്തിൽ കലാശിക്കുന്ന അവസ്ഥയിലേയ്ക്ക് എത്തുകയും ചെയ്തതോടുകൂടി അവിടെയുള്ള സ്ത്രീകൾക്കും കുട്ടികളുമടക്കമുള്ളവർക്ക് ഭയവും പരിഭ്രാന്തിയും ഉണ്ടായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ അവിടെ ജനകീയ സമിതി രൂപീകരിച്ചു. അതിൽ എല്ലാ രാഷ്ട്രീയപാർട്ടികളും സംഘടനകളും റെസിഡൻസ് അസോസിയേഷനുകളും ഉൾപ്പെട്ടിട്ടുണ്ട്. അവിടെ അവർ സംയുക്തമായി ജനകീയ പ്രക്ഷോഭം ആരംഭിച്ചിരിക്കുകയാണ്. 21-08-2023-ന് ഈ ഔട്ട്ലെറ്റ് ആരംഭിച്ചപ്പോൾതന്നെ ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ കത്ത് നൽകുകയും അദ്ദേഹം ആലുവയിൽ വന്നപ്പോൾ ഞാൻ നേരിട്ടുപോയി കണ്ട് സംസാരിക്കുകയും ചെയ്തതാണ്. ഇന്നലെ ജനകീയ സമിതി ഒപ്പ് ശേഖരണം നടത്തുകയും അത് പെറ്റീഷനോടൊപ്പം ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇത് വലിയൊരു പ്രശ്നമാണ്. ആ പ്രദേശത്ത് വലിയ

പ്രതിഷേധത്തിനിടയാക്കിയ സംഭവമാണ്. അതുകൊണ്ട് ജനവികാരം മനസ്സിലാക്കി ഈ ഔട്ട്ലെറ്റ് എത്രയുംവേഗം അവിടെനിന്നും മാറ്റി സ്ഥാപിക്കാനുള്ള സാഹചര്യമുണ്ടാകണം. ഹൈക്കോടതി ആഡിറ്റ് നടത്തി ഇതുപോലുള്ള മദ്യഷാപ്പുകൾ മാറ്റാൻ തീരുമാനമെടുത്തിട്ടുണ്ട്. ആ തീരുമാനത്തോടൊപ്പം ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ജനങ്ങളുടെ സ്വൈരജീവിതം നശിപ്പിക്കുന്ന, ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ ബിവറേജ് ഔട്ട്ലെറ്റ് എത്രയുംവേഗം അവിടെ നിന്നും മാറ്റി സ്ഥാപിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും തയ്യാറാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, എറണാകുളം ഡിവിഷനിലെ എഫ്.എൽ. 17033 അത്താണി ഷോപ്പ് 21-08-2023-നാണ് പ്രവർത്തനമാരംഭിച്ചത്. നിയമപ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിക്കുന്ന കെട്ടിടത്തിലാണ് ഈ ഷോപ്പിന് ലൈസൻസ് നൽകിയിട്ടുള്ളത്. ഷോപ്പിന്റെ ഏറ്റവും അടുത്ത ഒബ്ജക്ഷണബിളായിട്ടുള്ള

സ്ഥാപനം 500 മീറ്റർ പടിഞ്ഞാറ് മാറിയുള്ള ഒരു പള്ളിയാണ്. ഈ സ്ഥാപനത്തിന്റെ വടക്കേ അതിരിൽ ശ്രീ. സെയ്ദ് മുഹമ്മദ് എന്നയാളുടെ സ്ഥലവും തെക്കുകിഴക്ക് അതിരുകളിൽ മാർക്കറ്റിംഗ് ഫെഡറേഷന്റെ വക സ്ഥലവും പടിഞ്ഞാറേ അതിരിൽ എൻ.എച്ച്. 544-ന്റെ സർവ്വീസ് റോഡുമാണുള്ളത്. ഈ ഷോപ്പ് പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യങ്ങളും പാർക്കിംഗ് സൗകര്യവും ലഭ്യമാണ്. ഷോപ്പിന്റെ സമീപത്തായി ജനകീയ സമരങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രമല്ല, ഈ ഷോപ്പ് തുറന്നശേഷം ഇതിന്റെ പരിസരത്ത് തല്ല്, ബഹളം, കത്തിക്കുത്ത് എന്നിവയുണ്ടായതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എല്ലാതരത്തിലും നിയമപരമായാണ് ഈ ഷോപ്പിന് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഷോപ്പിന്റെ പരിസരത്ത് അനിഷ്ട സംഭവങ്ങളുണ്ടാകാതിരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(10) <u>സ്വയംതൊഴിൽ ഉൽപ്പന്നങ്ങളുടെ വിൽപ്പന</u>

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, സംസ്ഥാനത്തെ പതിനായിരക്കണക്കിന് ഭിന്നശേഷിക്കാരും അപകടങ്ങൾമൂലമോ മറ്റു മാരക രോഗങ്ങൾ പിടിപെട്ടോ ചലനശേഷി നഷ്ടപ്പെട്ടവരും ഉപജീവനത്തിനായി സ്വയംതൊഴിലിലൂടെ വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നുണ്ട്. ഭക്ഷ്യ ഉൽപ്പന്നങ്ങൾ, കറി പൗഡറുകൾ, അച്ചാറുകൾ, കുടകൾ, വിവിധ കരകൗശല വസ്തുക്കൾ, സോപ്പ്, സോപ്പുപൊടി, ലോഷനുകൾ തുടങ്ങി നിരവധിയായ ഉൽപ്പന്നങ്ങളാണ് ഇത്തരത്തിൽ നിർമ്മിക്കപ്പെടുന്നത്. എന്നാൽ ഇവയ്ക്ക് നിലവിൽ പ്രചാരത്തിലുള്ള ബഹുരാഷ്ട്ര കമ്പനികളുടെ ഉൽപ്പന്നങ്ങൾക്കൊപ്പം സ്വകാര്യ സൂപ്പർമാർക്കറ്റുകളിൽ പിടിച്ചുനിൽക്കാനാവശ്യമായ ട്രേഡ് നെയിമോ പരസ്യങ്ങളോ നൽകാൻ കഴിയാത്തതിനാൽ വിപണി ലഭിക്കാത്ത സാഹചര്യമാണുള്ളത്. മികച്ച ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളാണ് ഇവർ നിർമ്മിക്കുന്നത്. മറ്റു ജോലികൾ ചെയ്യാൻ ശാരീരിക പരിമിതികൾ ഇവരെ അനുവദിക്കാത്തതിനാൽ ഈ കുടുംബങ്ങൾ സാമ്പത്തിക ബുദ്ധിമുട്ടിലാണ്. ആയതിനാൽ ഇവരെ

സഹായിക്കുന്നതിനായി അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ സർക്കാർ ബ്രാൻഡിൽ പുറത്തിറക്കുന്നതിനും അതുപോലെതന്നെ സർക്കാർ നിയന്ത്രണത്തിലുള്ള സഹകരണ സൂപ്പർമാർക്കറ്റുകൾ, സപ്ലൈകോ സ്ഥാപനങ്ങൾ എന്നിവ വഴി വിൽപ്പന നടത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ച് സംസ്ഥാനത്തെ ഭിന്നശേഷിക്കാരെയും അവരുടെ കുടുംബത്തെയും സഹായിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും അവരെ മുഖ്യധാരയിലേയ്ക്ക് ഉയർത്തികൊണ്ടുവരുന്നതിനുമായി സംസ്ഥാന സർക്കാർ നിരവധി ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വരുമാനദായകമായ സ്വയംതൊഴിൽ പദ്ധതികളിലേയ്ക്ക് അവരെ കൈപിടിച്ചു കൊണ്ടുപോകുന്നതിനുള്ള ശ്രമങ്ങൾ എല്ലാ ഏജൻസികളിലൂടെയും നടപ്പിലാക്കുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വൊക്കേഷണൽ പരിശീലന കേന്ദ്രങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, വികലാംഗക്ഷേമ

കോർപ്പറേഷൻ, നിരവധി എൻ.ജി.ഒ.-കൾ നടപ്പിലാക്കുന്ന വിവിധ വൊക്കേഷണൽ പരിശീലന കേന്ദ്രങ്ങൾ എന്നിവ മുഖേന വിവിധ തൊഴിൽ നൈപുണ്യ പരിശീലനങ്ങൾ സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കായി നൽകിവരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് മുഖേന സ്വാശ്രയ പദ്ധതിയുടെ കീഴിൽ, ഭർത്താവ് ഉപേക്ഷിച്ചതോ മരണപ്പെട്ടതോ ആയതും തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കേണ്ടി വരുന്നതുമായ മാതാവിന് അല്ലെങ്കിൽ സ്ത്രീകളായ രക്ഷിതാവിന് സ്വയംതൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ സർക്കാർ ധനസഹായത്തോടുകൂടി സന്നദ്ധ സംഘടനകൾ വിവിധ തൊഴിൽ പരിശീലന പദ്ധതി നടപ്പാക്കുകയും വീടുകളിൽ ഇരുന്നുകൊണ്ട് ചെയ്യാവുന്ന സ്വയംതൊഴിൽ പരിശീലനങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ വികലാംഗക്ഷേമ കോർപ്പറേഷൻ, എംപ്ലോയ്മെന്റ് വകുപ്പ് എന്നിവ മുഖേനയും ഭിന്നശേഷിക്കാരായവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള വായ്പകൾ സർക്കാർ നൽകിവരുന്നുണ്ട്. നിലവിൽ

സപ്ലൈകോയുടെ ഹൈപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ, സൂപ്പർമാർക്കറ്റ് ശ്രേണിയിലുള്ള വിൽപ്പന ശാലകൾ എന്നിവിടങ്ങളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സപ്ലൈകോയും കുടുംബശ്രീ മിഷനുമായുള്ള കരാർ അനുസരിച്ച് കുടുംബശ്രീയുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സപ്ലൈകോ വിൽപ്പനശാലകളിൽ പ്രത്യേകം റാക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം ഭിന്നശേഷി വിഭാഗക്കാർ ഉൽപ്പാദിപ്പിക്കുന്ന വിവിധ ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വിൽപ്പന സാധ്യതയും കണക്കിലെടുത്ത് കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്ന രീതിയിൽ സർക്കാർ/സഹകരണ/സപ്ലൈകോ സ്ഥാപനങ്ങൾ മുഖേന വിൽപ്പന നടത്തി ഭിന്നശേഷിക്കാരായ വ്യക്തികളെ സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം സ്വാഗതാർഹമാണ്, വളരെ നല്ല നിർദ്ദേശമാണ്. അക്കാര്യം പരിഗണിക്കാവുന്നതാണ്. നിലവിൽ ഭിന്നശേഷി സഹോദരങ്ങൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഒരു സൂപ്പർമാർക്കറ്റ് നിപ്മറിനോട്

ചേർന്ന് സംവിധാനം ചെയ്തു കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗത്തിന്റെ വിലയേറിയ നിർദ്ദേശത്തിന് നന്ദി രേഖപ്പെടുത്തുന്നു. തീർച്ചയായും പ്രസ്തുത നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

(11) സ്കൂൾ പാചകതൊഴിലാളികളുടെ ആനുകൂല്യം

ശ്രീ. എം. നൗഷാദ്: സർ, കേരളത്തിലെ സ്കൂളുകളിലെ പാചകത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. കേരളത്തിലെ 4697 ഗവൺമെന്റ് സ്കൂളുകളിലും 7214 എയ്ഡഡ് സ്കൂളുകളിലുമായി 11911 സ്കൂളുകളിലെ പ്രൈമറി തലം മുതൽ 8-ാം സ്റ്റാൻഡേർഡ് വരെയുള്ള കുട്ടികളുടെ ഭക്ഷണം തയ്യാറാക്കുന്ന ജോലി ചെയ്യുന്നത് സ്കൂൾ പാചകത്തൊഴിലാളികളാണ്. ഇത്തരത്തിൽ കേരളത്തിൽ ആകെയുള്ളത് 13611 പാചകത്തൊഴിലാളികളാണ്. 600/- രൂപയാണ് ഇവരുടെ ദിവസ വേതനം. 500 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ ഒരു

പാചകത്തൊഴിലാളി മാത്രമാണ് നിലവിലുള്ളത്. 500-ൽ അധികം കുട്ടികളുള്ള സ്കൂളുകളിൽ ഒരു തൊഴിലാളി കൂടിയാകാം. രണ്ട് കറികൾ ഉൾപ്പെടെയുള്ള ഊണ് തയ്യാറാക്കുന്നതിന്റെ ബുദ്ധിമുട്ട് നമുക്കറിയാം. അങ്ങനെയെങ്കിൽ 500 പേർക്കുള്ള ഭക്ഷണം തയ്യാറാക്കാൻ ഒരാൾക്ക് ഒറ്റയ്ക്ക് കഴിയുമോ? അതുപോലെ 70-ഉം 75-ഉം പ്രായമായവർ ഇപ്പോഴും ഈ തൊഴിലിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്, അവർക്ക് ശാരീരികമായ ബുദ്ധിമുട്ടുകളുണ്ട്. കായികശേഷിയുള്ളവരാണെങ്കിലും ഒരാൾക്ക് ഒറ്റയ്ക്ക് കഴിയില്ല. അതിനാൽ അവർ മറ്റുള്ളവരെ സഹായത്തിന് വിളിച്ചിട്ടാണ് ഈ ജോലി നിർവ്വഹിക്കുന്നത്. പാചകത്തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനത്തിൽനിന്നും അവർക്കും ഒരു വിഹിതം നൽകേണ്ടതായി വരുന്നുണ്ട്. ഇങ്ങനെ പാചകത്തൊഴിലാളികൾക്ക് ലഭിക്കുന്ന 600/- രൂപ വേതനം യഥാർത്ഥത്തിൽ അവരുടെ കൈകളിൽ എത്തുന്നില്ല. പ്രായാധിക്യത്താൽ ബുദ്ധിമുട്ടുന്ന ആളുകളുമുണ്ട്. അവരെല്ലാം തന്നെ ഈ

ഗവൺമെന്റിൽ പ്രതീക്ഷയർപ്പിച്ചാണ് നിൽക്കുന്നത്. അവർക്ക് റിട്ടയർമെന്റ് പ്രായം നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? അത് നിശ്ചയിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. അതുപോലെ റിട്ടയർമെന്റ് പ്രായം നിശ്ചയിച്ച് അവർക്ക് മാന്യമായ പെൻഷൻ നിശ്ചയിച്ച് നൽകാൻ കഴിയുമോ അതല്ലെങ്കിൽ അവരുടെ സേവന കാലാവധി കണക്കാക്കി ഒറ്റത്തവണയായി റിട്ടയർമെന്റ് ആനുകൂല്യം നൽകാൻ കഴിയുമോ എന്നത് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കണം. 500 കുട്ടികളെന്നുള്ളത് 250 ആക്കി മാറ്റാൻ കഴിയുമോ എന്നത് സർക്കാർ ഗൗരവമായി പരിശോധിച്ച് പാചകത്തൊഴിലാളികൾ ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സ്കൂൾ ഉച്ച ഭക്ഷണ പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ 60:40

അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. സ്കൂളിൽ ഉച്ച ഭക്ഷണം പാചകം ചെയ്ത് നൽകുന്നതിനായി സ്കൂൾ ഉച്ച ഭക്ഷണ പാചകത്തൊഴിലാളികളെ നിശ്ചിത ഓണറേറിയം വ്യവസ്ഥയിൽ അതത് സ്കൂൾ ഉച്ച ഭക്ഷണ കമ്മിറ്റിയാണ് തെരഞ്ഞെടുക്കുന്നത്. ചില സ്ഥലത്ത് പേരന്റ് ടീച്ചേഴ്സ് അസോസിയേഷനും ചേർന്നുകൊണ്ടാണ് ഈ നടപടിക്രമം പൂർത്തീകരിക്കുന്നത്. നിലവിൽ പാചകത്തൊഴിലാളികൾക്ക് ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടില്ല. 18 മുതൽ 80 വയസ്സുവരെ പ്രായമുള്ള പാചകത്തൊഴിലാളികൾ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ ജോലി ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പകരം ജോലിക്കാരനെ കൂടി നിർത്തിയാണ് പാചകത്തൊഴിലാളികൾ പാചകം പൂർത്തീകരിക്കുന്നത് എന്ന കാര്യം സത്യമാണ്. ഇവർക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള പ്രതിമാസ ഓണറേറിയം 1000/- രൂപ മാത്രമാണ്. അതിൽ 600/- രൂപ കേന്ദ്ര

വിഹിതവും 400/- രൂപ സംസ്ഥാന വിഹിതവുമാണ്. എന്നാൽ കേരളത്തിലെ പാചകത്തൊഴിലാളികൾക്ക് പ്രതിദിനം മിനിമം 600/- രൂപയും പരമാവധി 675/- രൂപയുമാണ് ഓണറേറിയമായി നൽകുന്നത്. അത് കൂട്ടുമ്പോൾ പ്രതിമാസം 10,000/- മുതൽ 15,000/- രൂപ വരെ ഇവർക്ക് ലഭിക്കുന്നുണ്ട്. ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നവരായതിനാൽ ഇവർക്ക് പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. സ്കൂൾ പാചകത്തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്ന് യാതൊരു നിർദ്ദേശവും വന്നിട്ടില്ല. എങ്കിൽപ്പോലും ഇത്രയും കുട്ടികളുടെ ഉച്ചഭക്ഷണം പാചകം ചെയ്യുന്ന തൊഴിലാളികളുടെ അദ്ധ്വാനത്തെ ഗവൺമെന്റ് മാനിക്കുകയാണ്. ഉച്ചഭക്ഷണ പദ്ധതിയെ സംബന്ധിച്ചിടത്തോളം റീ-അറേഞ്ച്മെന്റ് ചെയ്യുന്നതിന് ഗവൺമെന്റ് ആലോചിക്കുകയാണ്. ചിലയിടങ്ങളിൽ പ്രഭാത ഭക്ഷണം

നൽകുന്നതിനും പാചകത്തൊഴിലാളികളാണ് സഹായിക്കുന്നത്. നിലവിലുള്ള നിയമം അനുസരിച്ച് പാചകത്തൊഴിലാളികൾക്ക് പെൻഷൻ പ്രായം നിശ്ചയിച്ച് പെൻഷനോ വൺടൈം റിട്ടയർമെന്റ് ആനുകൂല്യമോ നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ സ്കൂൾ കുട്ടികളുടെ ഉച്ച ഭക്ഷണ പദ്ധതി സംബന്ധിച്ച് സമഗ്രമായ ചർച്ചയും അതിൽ ആവശ്യമായ മാറ്റങ്ങളും വരുത്തുന്ന അവസരത്തിൽ പാചകത്തൊഴിലാളികളുടെ കാര്യത്തിൽ അനുഭാവപൂർവ്വവും മനുഷ്യത്വപരമായും എന്ത് ചെയ്യാൻ സാധിക്കുമെന്ന കാര്യം പരിഗണിക്കാം.

(12) പാപ്പിനിശ്ശേരി ഇ.എസ്.ഐ. ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. കെ. വി. സുമേഷ്: സർ, ഏതാണ്ട് 150-ഓളം രോഗികൾ പ്രതിദിനം വരുന്ന പാപ്പിനിശ്ശേരി ഇ.എസ്.ഐ. ആശുപത്രിയുടെ പ്രവർത്തനം വലിയ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. മറ്റിടങ്ങളിൽനിന്ന് റഫറലായിട്ട് വരുന്ന രോഗികളുടെ പ്രധാനപ്പെട്ട കേന്ദ്രമായ പാപ്പിനിശ്ശേരി ഇ.എസ്.ഐ.

ആശുപത്രിയിൽ ലാബ് അസിസ്റ്റന്റോ നഴ്സിംഗ് അസിസ്റ്റന്റോ ഇല്ല. ആക്സിലറി നഴ്സ് ആന്റ് മെഡിസിൻ വിഭാഗത്തിൽ 2 പേരാണ് വേണ്ടത്, എന്നാൽ ഒരാളാണുള്ളത്. ഒരാൾ തന്നെ എല്ലാം കാര്യങ്ങളും ചെയ്യേണ്ട നിലയാണുള്ളത്. നെയ്ത്ത് തൊഴിലാളികളുടെ പ്രധാനപ്പെട്ട മേഖലയായതിനാൽ ഞായറാഴ്ച ദിവസങ്ങളിൽ പാപ്പിനിശ്ശേരി ഇ.എസ്.ഐ. ആശുപത്രിയിൽ ഒരുപാട് തൊഴിലാളികൾ വരും. എന്നാൽ ചില ഘട്ടങ്ങളിൽ ആശുപത്രി അടച്ചിടേണ്ട സാഹചര്യംപോലും ഉണ്ടാകുന്നുണ്ട്. ഇത് വലിയ പ്രതിസന്ധിയായി ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. ഈ പ്രതിസന്ധിക്ക് പരിഹാരം കാണാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ കീഴിൽ പാപ്പിനിശ്ശേരിയിലുള്ള ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ 17 തസ്തികകളാണ് നിലവിലുള്ളത്. അവ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ്

ഇൻഷ്വറൻസ് മെഡിക്കൽ ഒഫീസർ - 2, സീനിയർ ക്ലാർക്ക് - 1, ഓഫീസ് അസിസ്റ്റന്റ് - 1, ഫാർമസിസ്റ്റ് - 1, ആക്സിലറി നഴ്സ് & മിഡ്വൈഫ് - 2, നഴ്സിംഗ് ഓഫീസർ - 1, നഴ്സിംഗ് അസിസ്റ്റന്റ് - 1, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II – 3, ലാബ് ടെക്നീഷ്യൻ - 1, പാർട്ട് ടൈം സ്വീപ്പർ - 1, ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (ഹോമിയോ) - 1, ഫാർമസിസ്റ്റ് (ഹോമിയോ) - 1 എന്നിങ്ങനെയാണ്. ഇതിൽ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ, ആക്സിലറി നഴ്സ് & മിഡ്വൈഫ്, ഫാർമസിസ്റ്റ് എന്നീ തസ്തികകളിൽ ഓരോ ഒഴിവുകൾ വീതം നിലവിലുണ്ട്. ആക്സിലറി നഴ്സ് & മിഡ്വൈഫ് തസ്തികയിലെയും ഫാർമസിസ്റ്റ് തസ്തികയിലെയും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫാർമസിസ്റ്റ് തസ്തികയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ കണ്ണൂർ പി.എസ്.സി.-യിൽ നിന്ന് നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി തൽക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ മേൽപ്പറഞ്ഞ ഒഴിവുകളിലേയ്ക്ക് മറ്റ്

സ്ഥാപനങ്ങളിൽനിന്ന് വർക്കിംഗ് അറേഞ്ച്മെന്റിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിലെ ഒഴിവിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. ലാബ് ടെക്നീഷ്യൻ തസ്തികയിൽ ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെ അവിടത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധന നടത്തേണ്ടതുണ്ട്. അവിടത്തെ എം.എൽ.എ. എന്ന നിലയിൽ ബഹുമാനപ്പെട്ട ശ്രീ. കെ. വി. സുമേഷിനെയും പാപ്പിനിശ്ശേരി ഇ.എസ്.ഐ. ആശുപത്രിയുടെ പ്രവർത്തനപരിധിയിലുള്ള ജനപ്രതിനിധികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു യോഗം ചേർന്ന് എന്തെങ്കിലും കുറവുകൾ ഉണ്ടെങ്കിൽ പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കാം.

(13) റേഷൻ കടകൾക്കുള്ള കമ്മീഷൻ

ശ്രീ. ജി. സ്റ്റീഫൻ: സർ, കേരളത്തിലെ പൊതുവിതരണരംഗത്ത് സജീവ സാന്നിദ്ധ്യമായ റേഷൻകട ഉടമകളെയും അവിടത്തെ തൊഴിലാളികളെയും

ബാധിക്കുന്ന പ്രധാനപ്പെട്ട വിഷയമാണ് സബ്മിഷനിലൂടെ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. രാജ്യത്ത് മാതൃകയായി കോവിഡ് കാലഘട്ടത്തിൽ സർക്കാർ സൗജന്യമായി നൽകിയ ഭക്ഷ്യക്കിറ്റുകൾ സംസ്ഥാനത്തെ അംഗീകൃത റേഷൻ കടകൾ വഴിയാണ് പൊതുജനങ്ങൾക്ക് മുടക്കംകൂടാതെ ഗവൺമെന്റ് വിതരണം ചെയ്തത്. രാജ്യത്തുതന്നെ ശ്രദ്ധപിടിച്ചുപറ്റിയ സൗജന്യക്കിറ്റ് വിതരണത്തിലും അതിന്റെ ക്രമീകരണങ്ങൾക്കും സംസ്ഥാനത്തെ റേഷൻകട ഉടമകൾ മുൻനിരയിൽതന്നെയുണ്ടായിരുന്നു. കിറ്റ് സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി റേഷൻ വ്യാപാരികൾക്ക് ധാരാളം പണം ചെലവായിട്ടുണ്ട്. വാടകയ്ക്ക് കടമുറികളെടുത്തും പ്രത്യേക ജീവനക്കാരെ നിയോഗിച്ചുമാണ് ഭൂരിഭാഗം റേഷൻ കടയുടമകളും കിറ്റ് വിതരണത്തിൽ സർക്കാരിനോട് സഹകരിച്ചത്. ഇതിന് സഹായമായി സർക്കാർ പ്രഖ്യാപിച്ചതാണ് ഒരു സൗജന്യ ഭക്ഷ്യക്കിറ്റിന് 5 രൂപ നിരക്കിലുള്ള കമ്മീഷൻ റേഷൻകടയുടമകൾക്ക് നൽകാമെന്നുള്ള ഉറപ്പ്. 2020 ഏപ്രിൽ-മേയ് മാസങ്ങളിൽ വിതരണം നടത്തിയ കിറ്റുകൾക്ക് 5,91,36,112 രൂപയും 2020 ആഗസ്റ്റ്-സെപ്തംബർ

മാസങ്ങളിൽ വിതരണം നടത്തിയ കിറ്റുകൾക്ക് 4,68,92,680 രൂപയും സർക്കാർ വിതരണം ചെയ്തിരുന്നു. ഇത് റേഷൻകട ഉടമകൾക്കും ജീവനക്കാർക്കും ആശ്വാസകരമായിരുന്നു. തുടർന്ന് സാമ്പത്തിക പ്രതിസന്ധിക്കിടയിലും 2022 മേയ് മാസം വിതരണം ചെയ്ത 8529179 കിറ്റുകളുടെ കമ്മീഷൻ തുകയും അനുവദിച്ചിട്ടുണ്ട്. ഇനി ഇത്തരത്തിൽ 11 മാസത്തെ കിറ്റ് നൽകിയതിന്റെ കമ്മീഷൻ തുകകൂടി ഇവർക്ക് ലഭിക്കാനുണ്ട്. 14257 റേഷൻ തൊഴിലാളികൾക്കാണ് ഈ ആനുകൂല്യം ലഭിക്കേണ്ടത്. കോവിഡ് കാലഘട്ടത്തിൽ അതിജീവന കിറ്റുകൾ വിതരണം ചെയ്യുന്നതിനായി റേഷൻ വ്യാപാരികൾ ചെയ്ത ജോലിയെ പ്രത്യേകം പരിഗണിക്കേണ്ടതാണ്. ലോക്ഡൗൺ കാരണം ജനങ്ങളെല്ലാം വീടിനകത്തിരുന്നഘട്ടത്തിലും സർവ്വ തൊഴിൽമേഖലകളും സ്തംഭിച്ച ഘട്ടത്തിലും സ്വജീവൻ ത്യജിച്ചുകൊണ്ടാണ് റേഷൻതൊഴിലാളികൾ സർക്കാരിന്റെ കിറ്റ് വിതരണത്തിനുവേണ്ടി മുന്നോട്ടുവന്നത്. ഇവർക്കുണ്ടായ സാമ്പത്തിക ബാദ്ധ്യത താങ്ങാവുന്നതിലും അപ്പുറമായിരുന്നു. നിരവധി റേഷൻകട ലൈസൻസികളും തൊഴിലാളികളും

കോവിഡ് കാലഘട്ടത്തിൽ ഈ പ്രവർത്തനം ഏറ്റെടുക്കുന്നതിനിടയിൽ മരണപ്പെട്ടുപോകുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഇത് സർക്കാർ തിരിച്ചറിഞ്ഞും കണ്ടറിഞ്ഞുംതന്നെയാണ് കിറ്റിന് അഞ്ചുരൂപ നിരക്കിൽ കമ്മീഷൻ അനുവദിച്ചത്. നിരന്തരമായ അഭ്യർത്ഥനകൾ നടത്തിയിട്ടും ന്യായമായി ഇവർക്ക് ലഭിക്കേണ്ട കമ്മീഷൻ തുക മുഴുവനായി കിട്ടാത്തതിനാൽ പല സംഘടനകളും കോടതിയെ സമീപിക്കുന്ന സാഹചര്യമുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും സുപ്രീംകോടതിയിൽനിന്നും ഇവർക്ക് അനുകൂലമായ ഉത്തരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ കേസ് കൊടുത്ത ഏഴ് പേർക്കുമാത്രം പതിനൊന്ന് മാസത്തെ കോവിഡുകാല കിറ്റുവിതരണ കമ്മീഷൻ നൽകിയാൽ മതിയെന്ന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന റേഷൻകട തൊഴിലാളികൾക്ക് നിരാശയും തിരിച്ചടിയുമാണ് ഈ തീരുമാനത്തിലൂടെ ഉണ്ടായിട്ടുള്ളത്. കോവിഡ് കാലഘട്ടത്തിൽ സർക്കാരിന്റെ കർമ്മ പരിപാടികൾ നടപ്പിലാക്കുന്നതിന് ശക്തമായ പിന്തുണ നൽകിയ തൊഴിൽവിഭാഗമാണ് റേഷൻ കടകൾ. National Food Security

Act നിലവിൽവന്നതിനുശേഷം വാതിൽപ്പടി മുഖേനയുള്ള സാധന വിതരണത്തിലൂടെയും ഇ-പോസ് മെഷീൻ സ്ഥാപിച്ചതിലൂടെയും ഈ രംഗത്തെ തെറ്റായ എല്ലാ പ്രവണതകളും അവസാനിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നത് സ്വാഗതാർഹമായ കാര്യമാണ്. തികച്ചും അഴിമതിരഹിതമായാണ് റേഷൻകടകൾ ഇപ്പോൾ പ്രവർത്തിക്കുന്നത്. പഴയ സാഹചര്യത്തിൽ റേഷൻകടകളെ വിലയിരുത്തുന്നത് ശരിയല്ല. ഈ റേഷൻ കടകളിൽ ലൈസൻസിയോടൊപ്പം ഒരു തൊഴിലാളിയും പ്രവർത്തിക്കുന്നുണ്ട്. 92 ലക്ഷം കാർഡുടമകൾക്ക് റേഷൻ വിതരണം ചെയ്യുന്ന റേഷൻകട ലൈസൻസിയെയും അവിടത്തെ തൊഴിലാളിയെയും നിരാശരാക്കുന്ന സമീപനമാണ് ഈ ഉത്തരവിലൂടെ ഉണ്ടായിട്ടുള്ളത്. ആയതുകൊണ്ട് കോവിഡ് കാലഘട്ടത്തിൽ കിറ്റ് വിതരണം ചെയ്ത മുഴുവൻ റേഷൻകട ലൈസൻസികൾക്കും തൊഴിലാളികൾക്കും, ഇനിയും കോടതിയിലേയ്ക്ക് പോകാനിടവരുത്താതെ, അവരുടെ കമ്മീഷൻ വിതരണം ചെയ്യാൻ സർക്കാർ സത്വര നടപടി സ്വീകരിക്കണം. 14257 റേഷൻകട ഉടമകൾക്കും ഈ തുക

ലഭിക്കുന്നതിനാവശ്യമായ സഹായം ചെയ്യണം. ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെയും ഡിവിഷൻ ബഞ്ചിന്റെയും സുപ്രീംകോടതിയുടെയും നിരീക്ഷണവും വിധിയും പ്രത്യേകമായി സർക്കാർ പരിഗണിക്കണമെന്ന അഭ്യർത്ഥന മുന്നോട്ടുവയ്ക്കുകയാണ്. ജോലി ചെയ്ത ആളിന് കൂലി കിട്ടിയില്ലെന്ന വിമർശനം ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയും ശ്രദ്ധിക്കുമെന്ന് കരുതുന്നു. റേഷൻകട ഉടമകൾക്ക് കിറ്റിന്റെ കമ്മീഷൻ പൂർണ്ണമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, സംസ്ഥാനത്ത് 14 തവണകളിലായി 12 കോടിയിൽപ്പരം സൗജന്യ ഭക്ഷ്യക്കിറ്റുകൾ സംസ്ഥാന സർക്കാർ വിതരണം ചെയ്തിട്ടുണ്ട്. സൗജന്യക്കിറ്റ് വിതരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ റേഷൻവ്യാപാരികൾ നല്ല സഹകരണമാണ് സംസ്ഥാന സർക്കാരിന് നൽകിയിട്ടുള്ളത്. അക്കാര്യം ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ കോവിഡ് മഹാമാരിയെ അതിജീവിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങളിൽനിന്നും

വലിയതോതിലുള്ള സഹകരണമാണ് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ളത്. കിറ്റ് വിതരണവുമായി ബന്ധപ്പെട്ട് കമ്മീഷൻ ഇനത്തിൽ രണ്ട് തവണകളിലായി 10 കോടിയിൽപ്പരം രൂപ റേഷൻ വ്യാപാരികൾക്ക് നൽകിയിരുന്നു. എന്നാൽ തുടർന്നുള്ള കിറ്റുകൾക്കും കമ്മീഷൻ നൽകണമെന്ന റേഷൻ വ്യാപാരികളുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. സർക്കാരിന്റെ കോവിഡ് കാലത്തെത്തുടർന്നുള്ള സാമ്പത്തിക സാഹചര്യം കണക്കിലെടുത്തും ഏതെങ്കിലും ഒരു നിയമത്തിന് വിധേയമായല്ല കമ്മീഷൻ നൽകുന്നതിന് തീരുമാനം കൈക്കൊണ്ടതെന്നതിനാലും സൗജന്യക്കിറ്റ് വിതരണം ചെയ്തത് മനുഷ്യത്വപരമായൊരു സേവനമായികണ്ട് കമ്മീഷൻ നൽകണമെന്ന അവകാശവാദത്തിൽനിന്നും റേഷൻവ്യാപാരികൾ പിന്മാറണമെന്ന് സർക്കാർ നിലപാടെടുത്തു. ഇതിനെതിരെ റേഷൻ വ്യാപാരികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചതിന്മേൽ അവർക്ക് അനുകൂലമായ വിധിയുണ്ടായി. സർക്കാർ പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തത് പരിഗണിച്ച ബഹുമാനപ്പെട്ട ഹൈക്കോടതി

ഡിവിഷൻ ബഞ്ച് 31-03-2022-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ സിംഗിൾ ബഞ്ചിന്റെ വിധിക്കനുസൃതമായ നടപടി സ്വീകരിക്കാൻ സർക്കാരിന് ഉത്തരവ് നൽകുകയും എന്നാൽ ടി വിഷയവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ള കക്ഷികൾക്കുമാത്രം കമ്മീഷൻ നൽകിയാൽ മതിയെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട സുപ്രീംകോടതിയും ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചും പുറപ്പെടുവിച്ച വിധിന്യായങ്ങളുടെ അടിസ്ഥാനത്തിലാണ് 5-9-2023-ലെ ഉത്തരവുപ്രകാരം 1965/2022, 1975/2022, 1976/2022, 2002/2022 കേസ്സുകളിൽ കക്ഷിയായിട്ടുള്ളവർക്ക് സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്ത വകയിൽ കമ്മീഷൻ നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുള്ളത്. എന്നാൽ ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്ന വിഷയമായതിനാൽ ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഉന്നതതല ചർച്ചകൾ നടത്തി എന്തെങ്കിലും പരിഹാരം കാണാൻ

കഴിയുമോയെന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(14) വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷൻ അടിസ്ഥാനസൗകര്യ വികസനം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, വടക്കാഞ്ചേരി റെയിൽവേയുമായി ബന്ധപ്പെട്ട് മണ്ഡലത്തിലെ പ്രധാനപ്പെട്ട പ്രശ്നം ശ്രദ്ധയിൽപ്പെടുത്തുന്നതിനും പരിഹാരം ആവശ്യപ്പെട്ടുകൊണ്ടുമാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതിയുടെ അലൈൻമെന്റ് പൂർണ്ണമാക്കാൻ കഴിയാത്തത് അകമലയിൽ വരേണ്ട റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലം നിശ്ചയിച്ച് റെയിൽവേ നൽകാത്തതുകൊണ്ടാണ്. റെയിൽവേ ഇക്കാര്യത്തിൽവരുത്തുന്ന കാലതാമസം, മെല്ലെപ്പോക്ക്, അവഗണനാപരമായ സമീപനം എന്നിവ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന്റെ പൊതുവായ വികസനത്തെയുൾപ്പെടെ ബാധിക്കുന്നുണ്ടെന്ന് സൂചിപ്പിക്കുകയാണ്. യാത്രക്കാർ ദീർഘകാലമായി ആവശ്യപ്പെടുന്ന നിരവധി ട്രെയിനുകൾക്ക് വടക്കാഞ്ചേരിയിൽ സ്റ്റോപ്പ് അനുവദിക്കുന്നില്ല. മാത്രമല്ല, കോവിഡ് കാലത്ത് നിർത്തലാക്കിയ ട്രെയിനുകളുടെ

സ്റ്റോപ്പുകൾ പുനഃസ്ഥാപിക്കുകയും ചെയ്തിട്ടില്ല. യാത്രക്കാരില്ലെന്ന പരാതിയാണ് റെയിൽവേ പലപ്പോഴും ഉന്നയിക്കുന്നത്. സ്റ്റോപ്പുകൾ അനുവദിച്ചാൽമാത്രമേ ട്രെയിനുകളിൽ യാത്രക്കാരുണ്ടാകുകയുള്ളൂ. ഷൊർണ്ണൂർ ടച്ച് ചെയ്യാതെ പാലക്കാടുവഴി പോകുന്ന എല്ലാ ട്രെയിനുകൾക്കും വടക്കാഞ്ചേരിയിൽ സ്റ്റോപ്പ് അനുവദിക്കാവുന്നതാണ്. ദീർഘകാലമായുള്ള ഈ ആവശ്യം നടപ്പാക്കപ്പെടേണ്ടതുണ്ട്. ധാരാളം യാത്രക്കാർ ആശ്രയിക്കുന്ന തലപ്പിള്ളി താലൂക്കിന്റെ ആസ്ഥാനത്തുള്ള റെയിൽവേ സ്റ്റേഷന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം, പ്ലാറ്റ്ഫോമുകൾ സ്റ്റാൻഡേർഡ് നീളത്തിലും ഉയരത്തിലും നവീകരിക്കണം, ഒന്നും രണ്ടും പ്ലാറ്റ്ഫോമുകൾക്ക് പൂർണ്ണമായും മേൽക്കൂര നിർമ്മിക്കണം, ട്രെയിനുകൾ പെട്ടെന്ന് നിർത്താൻ കഴിയുന്ന മെയിൻലൈൻ പ്ലാറ്റ്ഫോമുകളുണ്ടാകണം, സ്റ്റേഷൻ കെട്ടിടം നവീകരിക്കണം, കാത്തിരുപ്പുകേന്ദ്രം നവീകരിക്കണം, ഭിന്നശേഷി സൗഹൃദമായി പോർട്ടിക്കോ നവീകരിക്കണം, ടോയ്‌ലെറ്റ് കോംപ്ലക്സ് നിർമ്മാണം, റെസ്റ്റോറന്റ് എന്നിവ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യം കൂടുതൽ മെച്ചപ്പെടുത്തണം, റെയിൽവേ കോളനി ഭാഗത്തേയ്ക്ക് സ്റ്റേഷൻ മുറിച്ചുകടക്കാൻ ഫുട് ഓവർബ്രിഡ്ജ് നിർമ്മിക്കണം, പുല്ലാണിക്കാട് പഴയ

റെയിൽവേ ഗേറ്റിന്റെ ഭാഗത്ത് അടിപ്പാത നിർമ്മിക്കണം തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി റെയിൽവേ അധികൃതരും കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി സംസ്ഥാന ഗവൺമെന്റ് കൂടുതൽ ഇടപെടലുകൾ നടത്തണമെന്നതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ന്യൂനപക്ഷക്ഷേമം കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷനുമായ ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട എം.എൽ.എ. സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷൻ NSG-5 കാറ്റഗറിയിലുള്ള റെയിൽവേ സ്റ്റേഷനാണ്. റെയിൽവേയുടെ വിലയിരുത്തൽ പ്രകാരം പ്രതിദിനം 923 യാത്രക്കാരും സീസൺ ടിക്കറ്റുകാരുടെ എണ്ണം 15-ഉം മാത്രമാണ്. നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസൃതമായി ആവശ്യമായ എല്ലാ സൗകര്യങ്ങളും റെയിൽവേ സ്റ്റേഷനിലുണ്ടെന്നാണ് റെയിൽവേ ഡിവിഷണൽ മാനേജർ അറിയിച്ചിട്ടുള്ളത്. കോവിഡ് മഹാമാരിക്കുശേഷം ട്രെയിൻ സർവ്വീസുകൾ പുനഃസ്ഥാപിച്ചപ്പോൾ സീറോ ബെയ്സ്ഡ് ടൈം ടേബ്ലിംഗിന്റെ ഭാഗമായി യാത്രക്കാർ കുറവുള്ള സ്റ്റോപ്പുകൾ ഒഴിവാക്കിയിരുന്നു.

അമൃത് ഭാരത് സ്റ്റേഷൻ സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ട് വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷൻ പുനർ നിർമ്മിക്കാൻ റെയിൽവെ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്ലാറ്റ്ഫോം ഷെൽട്ടറുകൾ വികസിപ്പിക്കുക, സ്റ്റേഷൻ കെട്ടിടം, കാത്തിരിപ്പ് കേന്ദ്രം, ഭിന്നശേഷി സൗഹൃദ പോർട്ടിക്കോ എന്നിവയുടെ നവീകരണം ഉൾപ്പെടെയുള്ള വടക്കാഞ്ചേരി സ്റ്റേഷന്റെ സമഗ്ര വികസനത്തിനാണ് പദ്ധതികൾ അമൃത് ഭാരത് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഷൊർണ്ണൂർ ടച്ച് ചെയ്യാതെ പാലക്കാട് വഴി പോകുന്ന എല്ലാ ട്രെയിനുകൾക്കും വടക്കാഞ്ചേരിയിൽ സ്റ്റോപ്പ് അനുവദിക്കുന്ന വിഷയം റെയിൽവേ ബോർഡ് തീരുമാനിക്കേണ്ടതാണ്. റെയിൽവേ കോളനി ഭാഗത്തേയ്ക്ക് പോകുന്നവർക്ക് വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷൻ സുരക്ഷിതമായി മുറിച്ച് കടക്കുന്നതിന് ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നത് സംബന്ധിച്ച് നിലവിൽ പ്രോപ്പോസലുകളൊന്നുമില്ല. അത് പ്രായോഗികമാകുന്ന പക്ഷം ഡെപ്പോസിറ്റ് സ്കീമിൽ പരിഗണിച്ച് ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കാമെന്നുള്ളതാണ്. അതോടൊപ്പം തന്നെ പുല്ലാനിക്കാട് ഭാഗത്തേക്ക് പോകാൻ ഉപയോഗിച്ചിരുന്ന പഴയ റയിൽവേ ഗേറ്റിന്റെ സ്ഥാനത്ത് അടിപ്പാത നിർമ്മിക്കുന്ന വിഷയവും

ഡെപ്പോസിറ്റ് സ്കീമിന് കീഴിൽ പരിഗണിക്കാവുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

സാധാരണയായി ഒരു സ്റ്റേഷനിൽ എസ്കലേറ്റർ സ്ഥാപിക്കുന്നതിന് പ്രതി ദിനം ശരാശരി 25000 യാത്രക്കാർ ആവശ്യമാണ്. എന്നാൽ വടക്കാഞ്ചേരിയിൽ പ്രതിദിനം ശരാശരി യാത്രക്കാരുടെ എണ്ണം 1000-ൽ താഴെയാണെന്നിരിക്കെ ഇപ്പോൾ സ്റ്റേഷനിൽ എസ്കലേറ്റർ സ്ഥാപിക്കുന്നത് പ്രായോഗികമല്ല എന്നാണ് റെയിൽവേയുടെ അഭിപ്രായം. ഈ വിഷയവും ബഹുമാനപ്പെട്ട എം.എൽ.എ. സബ്മിഷനിൽ ഉന്നയിച്ചിരുന്നു. അകമല റെയിൽവേ ഓവർ ബ്രിഡ്ജിനായുള്ള സ്ഥലം റെയിൽവേ സ്ഥിരീകരിച്ചു നൽകുന്നത് സംബന്ധിച്ച വിഷയത്തിലും അടിയന്തരമായി അനുകൂല നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 05-09-23-ന് ബഹു. കേന്ദ്ര റെയിൽവേ മന്ത്രിക്ക് കേരളത്തിൽ നിന്നും കത്തയച്ചിട്ടുണ്ട്. ഇതാണ് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

(15) <u>ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിന്മേൽ തുടർനടപടി</u>

<u>ശ്രീ. റോജി എം. ജോൺ</u>: സർ, കേരളത്തിലെ ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ

പഠിച്ച് വിവിധ ക്ഷേമ പദ്ധതികൾ നിർദ്ദേശിക്കാൻ 2020-ൽ നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ സംസ്ഥാന സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ട് മാസങ്ങൾ പിന്നിട്ടു. കഴിഞ്ഞ മെയ് മാസം 17-ാം തീയതി കമ്മീഷൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് റിപ്പോർട്ട് നൽകിയെങ്കിലും തുടർനടപടികൾ ഇതുവരെ ഉണ്ടായിട്ടില്ല. സർക്കാർ റിപ്പോർട്ട് ഇതുവരെ പുറത്തുവിട്ടിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. നിരവധി സിറ്റിംഗുകൾ നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കിയ കമ്മീഷൻ രണ്ട് വാല്യങ്ങളായി മുന്നൂറോളം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയാണ് സർക്കാരിന് റിപ്പോർട്ട് നൽകിയിരിക്കുന്നതെന്ന് മാധ്യമങ്ങളിലൂടെ അറിയാൻ കഴിയുന്നു. കേരളത്തിലെ സവിശേഷ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളിൽ ക്രൈസ്തവ ന്യൂനപക്ഷങ്ങൾ പലതരത്തിലുമുള്ള പ്രശ്നങ്ങൾ അനുഭവിക്കുന്നുവെന്ന കാലാകാലങ്ങളായുള്ള പരാതികൾക്ക് പരിഹാരമാവുമെന്ന ചിന്തയിലാണ് കമ്മീഷൻ രൂപീകരിക്കപ്പെട്ടത്. ആയതിനാൽ ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിക്കാൻ സർക്കാർ

തയ്യാറാകണമെന്നതാണ് സബ്മിഷൻ.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കാനായി 05-11-2020 തീയതിയിലെ സ.ഉ. (എം.എസ്)നം. 214/2020/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ജസ്റ്റിസ് (റിട്ട.) ജെ. ബി. കോശി കമ്മീഷൻ പഠനം പൂർത്തിയാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്തുത റിപ്പോർട്ട് ആഭ്യന്തര വകുപ്പിൽനിന്നും ന്യൂനപക്ഷക്ഷേമ വകുപ്പിലേക്ക് കൈമാറിയിട്ടുണ്ട്.

ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പൊതുവായ പ്രശ്നങ്ങൾ, ലത്തീൻ കത്തോലിക്കർ, പരിവർത്തിത ക്രൈസ്തവർ എന്നിവർ അഭിമുഖീകരിക്കുന്ന വിഷയങ്ങൾ, കുട്ടനാട്ടിലേയും മലയോര പ്രദേശങ്ങളിലേയും തീരദേശ മേഖലയിലേയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിമിതികളും

ഉൾക്കൊണ്ടുകൊണ്ട് ഇവിടങ്ങളിൽ അധിവസിക്കുന്ന ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനും വിവിധ തലങ്ങളിൽ അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള സമഗ്രമായ നിർദ്ദേശങ്ങൾ എന്നിവ ഉൾക്കൊണ്ടുകൊണ്ടുള്ള വിശദമായ റിപ്പോർട്ടാണ് കമ്മീഷൻ സമർപ്പിച്ചിട്ടുള്ളത്. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക പിന്നാക്കാവസ്ഥ മറികടക്കുന്നതിനും ക്ഷേമം ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുന്നതിലേക്കായി 09-02-2021-ലെ ജി.ഒ. (എം.എസ്) നം. 32/2021/ഹോം പ്രകാരം കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ ചുവടെ ചേർക്കും പ്രകാരം നിശ്ചയിച്ച് ഉത്തരവായിരുന്നു.

എ. വിദ്യാഭ്യാസം

1. ന്യൂനപക്ഷമെന്ന നിലയിൽ വിദ്യാഭ്യാസ സംബന്ധമായ വിഷയങ്ങളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ നേരിടുകയോ അനുഭവിക്കുകയോ ചെയ്യുന്ന പ്രശ്നങ്ങൾ ഏതൊക്കെ?

2. മറ്റ് ന്യൂനപക്ഷങ്ങൾക്ക് ലഭിക്കുന്നതോ സർക്കാർ നൽകുന്നതോ ആയ

സഹായങ്ങളും ആനുകൂല്യങ്ങളും താരതമ്യപ്പെടുത്തുമ്പോൾ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് അവയെല്ലാം ന്യായമായ രീതിയിലും തോതിലും ലഭിക്കുന്നുണ്ടോ; ഏതെങ്കിലും തരത്തിലുള്ള പക്ഷപാതപരമായ വിവേചനം അവർ നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അത് ഏതൊക്ക രീതിയിലാണ്; അത് എങ്ങനെ പരിഹരിക്കാം?

3. വിദ്യാഭ്യാസ മേഖലയിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് അനുഭവിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാം; ഉന്നതവിദ്യാഭ്യാസ മേഖലയിൽ അവർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ; അവ എങ്ങനെ പരിഹരിക്കാം?

ബി. സാമ്പത്തികം

1. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളിൽ സാമ്പത്തികമായ പിന്നോക്കാവസ്ഥ നേരിടുന്നവരുണ്ടോ; അവർ ഏതൊക്കെ വിഭാഗങ്ങളിൽപ്പെടുന്നവരാണ്; അവർ സാമൂഹിക പിന്നോക്കാവസ്ഥ നേരിടുന്നുണ്ടോ; അവരുടെ പിന്നോക്കാവസ്ഥ സംബന്ധിച്ച വിവരങ്ങൾ ഏതൊക്കെ?

2. ഏതെങ്കിലും പ്രത്യേക വിഭാഗങ്ങൾക്ക് കൂടുതൽ കരുതലുകൾ

ആവശ്യമുണ്ടോ?

3. സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കാനായി വിവിധ ഏജൻസികൾക്കോ സർക്കാരിനോ എന്തെല്ലാം ചെയ്യാൻ കഴിയും; അടിയന്തരമായി ഏതൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടത്?

സി. ക്ഷേമം

1. ക്രിസ്തുമതത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾ, തീരദേശവാസികൾ, മലയോര കർഷകർ, വനാതിർത്തിയോടടുത്ത് താമസിക്കുന്ന കർഷകർ, കുട്ടനാട് മുതലായ സ്ഥലങ്ങളിൽ താമസിക്കുന്ന കർഷകർ, ആദിവാസികൾ, ദളിതർ, ലത്തീൻ തുടങ്ങിയവർക്ക് പ്രത്യേകമായ ക്ഷേമപ്രവർത്തനങ്ങൾ ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം?

2. ദളിത് വിഭാഗങ്ങളിൽ നിന്ന് പിന്നോക്ക വിഭാഗങ്ങളിൽ നിന്നും ക്രിസ്ത്യാനികൾ ആയവരുടെ അവസ്ഥ എന്താണ്; അവരുടെ ക്ഷേമത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യുവാൻ സാധിക്കും?

3. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് സർക്കാർ പൊതുമേഖലാ

ഉദ്യോഗതലങ്ങളിൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ഉണ്ടോ; ഇല്ലെങ്കിൽ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാം; ഏതെല്ലാം മേഖലകളിൽ ഏതെല്ലാം രീതികളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് സർക്കാരിൽ നിന്ന് ക്ഷേമ സംബന്ധമായ സഹായം അർഹിക്കുന്നു?

പ്രസ്തുത റിപ്പോർട്ടിന്റെ അധ്യായം 8-ൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക പിന്നോക്കാവസ്ഥ മറികടക്കുന്നതിനും ക്ഷേമം ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുന്നതിനായി 285 ശിപാർശകളാണ് കമ്മീഷൻ നൽകിയിട്ടുള്ളത്. ന്യൂനപക്ഷക്ഷേമമുൾപ്പെടെ വിവിധ വകുപ്പുകളിൽ പരിശോധിച്ച് നടപടി സ്വീകരിക്കേണ്ട ശിപാർശകളാണ് ഇവ. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(റിപ്പോർട്ട് സമർപ്പണം)